2025 JUNE 15

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



# ആകാശ ദുരന്തത്തിന്റെ ഇരകൾക്ക് കണ്ണീർ പ്രണാമം










## ലഹരിവ്യാപനത്തിനെതിരെ കോൺക്ലേവുമായി ഓർത്തഡോക്സ് സഭ


AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION & SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott
At RiverCenter,
10 W Rivercenter Blvd,
Covington, KY 41011
NORTHERN KENTUCKY
CONVENTION CENTER
This conference will host Physicians,Healthcare professionals, and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Confirmed Guests and Dignitaries
Bobby Mukkamala MD
Michael Suk MD
Mario R Capecchi PHD
Satheesh Kathula, MD President, AAPI
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
Sunil Kaza, MD Chairman, AAPI BOT
Register Now at: www.aapiconvention.org | info@aapiusa.org



# ആകാശദുരന്തത്തിന്റെ ബാക്കിപത്രം

അഹമ്മദാബാദ് വിമാനാപകടത്തിൽ പരുക്കേറ്റു ആശുപത്രിയിൽ കഴിയുന്നവരെയും രക്ഷപെട്ട ഏക യാത്രക്കാരൻ വിശ്വാസ് കുമാർ രമേശിനെയും പ്രധാനമന്ത്രി നരേന്ദ മോദി വെള്ളിയാഴ്ച്ച സർദാർ വല്ലഭായ് പട്ടേൽ ഹോസ്പിറ്റലിൽ സന്ദർശിച്ചു.

മേഘാനിനഗറിലെ അപകടസ്ഥലത്തും മോദി സന്ദർശനം നടത്തി.

മരണസംഖ്യ കുത്തനെ ഉയർന്നു കൊണ്ടിരിക്കെ അഹമ്മദാബാദിൽ വിമാനം ഇറങ്ങിയ മോദി നേരിട്ട് അപകട സ്ഥലത്തേക്കാണ് പോയത്. അവിടന്ന് ആശുപത്രിയിൽ എത്തിയ പ്രധാനമന്ത്രി ഡോക്ടർമാരുമായും സംസാരിച്ചു.



രാജ്യത്തെ നടുക്കിയ അഹമ്മദാബാദ് വിമാന ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 265 ആയി. ആശുപത്രിയിൽ എത്തിച്ച മൃതദേഹങ്ങളുടെ കണക്കാണിത്. വിമാനത്തിലുണ്ടായിരുന്ന 242 പേരിൽ 241 പേർ അപകടത്തിൽ മരിച്ചു. കൂടാതെ, വിമാനം തകർന്നു വീണ ജനവാസ മേഖലയിൽ നിന്ന് 24 പ്രദേശവാസികളും മരണപ്പെട്ടവരിൽ ഉൾപ്പെടുന്നു. ഇവരിൽ 5 മെഡിക്കൽ വിദ്യാർത്ഥികളുമുണ്ട്. രണ്ട് മെഡിക്കൽ വിദ്യാർത്ഥികളുടെ മൃതദേഹം കണ്ടെടുത്തതായും അധികൃതർ സ്ഥിരീകരിച്ചു.

അതേസമയം, അന്താരാഷ്ട്ര വാർത്താ ഏജൻസിയായ റോയിട്ടേഴ്‌സ് പുറത്തുവിട്ട റിപ്പോർട്ടിൽ മരണസംഖ്യ 294 ആണെന്ന് പറയുന്നു. റോയിട്ടേഴ്സ് റിപ്പോർട്ട് പ്രകാരം, 53 പ്രദേശവാസികൾ മരിച്ചിട്ടുണ്ട്. ഉന്നത




**'ടേക്ക് ഓഫിന് ശേഷം ഒടുവിൽ കേട്ടത് പൈലറ്റിന്റെ ഭീതിയോടെയുള്ള ശബ്ദമായിരുന്നു. പിന്നീടൊരു പൊട്ടിത്തെറി, വിമാനമാകെ തീ ഗോളമായി മാറി. എല്ലാം 30 സെക്കന്റ് കൊണ്ട് തീർന്നു. ഏതോ കെട്ടിടത്തിന് മുകളിലേക്ക് ഞാൻ തെറിച്ചുവീണു. ചുറ്റും കത്തിക്കരിഞ്ഞ മൃതദേഹങ്ങളും പുകയും എഴുന്നേറ്റ് പുറത്തേക്ക് നടന്നു. ആരൊക്കെയോ ആംബുലൻസിൽ കയറ്റി ആശുപ്രതിയിൽ എത്തിച്ചു രക്ഷപ്പെടലിനെ കുറിച്ച് വിശ്വാസ് കുമാർ രമേഷ് പറഞ്ഞത് ഇങ്ങനെ.**

പോലീസ് ഉദ്യോഗസ്ഥയായ റേഞ്ച് ഐ.ജി. നിധി ചൗധരിയെ ഉദ്ധരിച്ചാണ് റോയിട്ടേഴ്സ് ഈ കണക്കുകൾ പുറത്തുവിട്ടത്.

അപകടം നടന്ന് ഏകദേശം 9 മണിക്കൂറിന് ശേഷം, തകർന്നു വീണ ബോയിങ് 787 ഡ്രീംലൈനർ വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് കണ്ടെത്തി. വിമാനത്തിന്റെ പിൻഭാഗത്തിന് വലിയ കേടുപാടുകൾ സംഭവിക്കാത്തതുകൊണ്ടാണ് വേഗത്തിൽ ബ്ലാക്ക് ബോക്സ് കണ്ടെത്താനായതെന്ന് അധികൃതർ അറിയിച്ചു. ബ്ലാക്ക് ബോക്സ് കണ്ടെത്തിയതോടെ അപകടത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താനാകുമെന്ന പ്രതീക്ഷയിലാണ് അന്വേഷണ ഉദ്യോഗസ്ഥർ.

### വിശ്വാസ് കുമാർ രമേഷ്

'ടേക്ക് ഓഫിന് ശേഷം ഒടുവിൽ കേട്ടത് പൈലറ്റിന്റെ ഭീതിയോടെയുള്ള ശബ്ദമായിരുന്നു. പിന്നീടൊരു പൊട്ടിത്തെറി, വിമാനമാകെ തീ ഗോളമായി മാറി. എല്ലാം 30 സെക്കന്റ് കൊണ്ട് തീർന്നു. ഏതോ കെട്ടിടത്തിന് മുകളിലേക്ക് ഞാൻ തെറിച്ചുവീണു. ചുറ്റും കത്തിക്കരിഞ്ഞ മൃതദേഹങ്ങളും പുകയും എഴുന്നേറ്റ് പുറത്തേക്ക് നടന്നു. ആരൊക്കെയോ ആംബുലൻസിൽ കയറ്റി ആശുപ്രതിയിൽ എത്തിച്ചു രക്ഷപ്പെടലിനെ കുറിച്ച് വിശ്വാസ് കുമാർ രമേഷ് പറഞ്ഞത് ഇങ്ങനെ. കാര്യമായ പരുക്കുകൾ ഒന്നുമില്ല. മുഖത്തും കാലുകളിലും തൊലി അടർന്നിട്ടുണ്ട്. മാനസികാരോഗ്യം വീണ്ടെടുക്കാൻ സമയമെടുത്തേക്കും, ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്ന് അതിജീവിച്ച മനുഷ്യന് അതൊക്കെ എളുപ്പം വീണ്ടെടുക്കാം. ഇരുപത് വർഷമായി രമേഷ് കുടുംബസമേതം ലണ്ടനിലാണ്. ബന്ധുക്കളെ കാണാൻ നാട്ടിലെത്തി തിരിച്ച് പോവുമ്പോഴായിരുന്നു അപകടം. ഒപ്പമുണ്ടായിരുന്ന സഹോദരൻ മരിച്ചു.




പത്തോ പതിനൊന്നോ വർഷം മാത്രം പഴക്കമുള്ള അത്യാധുനിക വിമാനം ആയിരുന്നു അഹമ്മദാബാദിൽ വ്യാഴാഴ്ച തകർന്നു വീണ എയർ ഇന്ത്യയുടെ ഡ്രീംലൈനർ. ഏറെ സാങ്കേതിക മേന്മ അവകാശപ്പെടുന്ന വിമാനത്തിൽ പക്ഷെ എ സി പോലും പ്രവർത്തിക്കുന്നില്ലായിരുന്നു എന്നാണ് ഡൽഹിയിൽ നിന്ന് ആ വിമാനത്തിൽ അഹമ്മദാബാദിലേക്കു പറന്ന യാത്രക്കാരൻ പറയുന്നത്.

അപകടത്തിനു രണ്ടു മണിക്കൂർ മുൻപാണ് അഹമ്മദാബാദിൽ ഈ വിമാനം ലാൻഡ് ചെയ്തത്. ലൈറ്റുകളോ എ സിയോ സീറ്റുകൾക്കു പിന്നിലുള്ള ഡിസ്പ്ലേയോ ഒന്നും പ്രവർത്തിച്ചിരുന്നില്ലെന്നു ആകാശ് വാറ്റ്സ് എന്ന യാത്രക്കാരൻ സോഷ്യൽ മീഡിയയിൽ വീഡിയോ സഹിതം കുറിച്ചു.

'അഹമ്മദാബാദിൽ നിന്ന് ഈ വിമാനം പറന്നുയരുന്നതിനു രണ്ടു മണിക്കൂർ മുൻപ് ഞാൻ അതിൽ പറന്നതാണ്,' വാറ്റ്സ് എക്സിൽ കുറിച്ചു. 'ഞാൻ ഡൽഹിയിൽ നിന്നാണ് അഹമ്മദാബാദിലേക്കു വന്നത്.



**എയർ ഇന്ത്യയുടെ എ.ഐ 171 വിമാനം പറത്തിയിരുന്നത് പരിചയസമ്പന്നരായ പൈലറ്റുമാരാണ്. ക്യാപ്റ്റൻ സുമീത് സബർവാൾ, ഫസ്റ്റ് ഓഫിസർ ക്ലൈവ് കുന്ദർ എന്നിവരാണ് വിമാനം നിയന്ത്രിച്ചിരുന്നത്. ക്യാപ്റ്റൻ സബർവാളിന് 8,200 മണിക്കൂർ വിമാനം പറത്തി പരിചയസമ്പത്തുണ്ട്.**



അസാധാരണ കാര്യങ്ങളാണ് വിമാനത്തിൽ കണ്ടത്. എ സി പ്രവർത്തിക്കുന്നതേയില്ല. ടി വി സ്ക്രീനുകളും. ക്യാബിൻ ക്രൂവിനെ വിളിക്കാനുള്ള ബട്ടണുകളും അനക്കമില്ല.

'എ സി ഇല്ലാതിരുന്നതിനാൽ വിയർത്തു കുളിച്ചു. എയർ ഇന്ത്യ ലോകത്തെ തന്നെ ഏറ്റവും വഷളൻ എയർലൈനുകളിൽ ഒന്നാണ്.'

സീറ്റിനടിയിൽ ഇളകി കിടക്കുന്ന ഭാഗങ്ങൾ, പൊട്ടിപ്പോയ ഫിറ്റിങ്സ്, മെയിന്റനൻസ് ഇല്ലാത്തതു കൊണ്ടുള്ള മറ്റു പ്രശ്നങ്ങൾ ഇവയൊക്കെ വിഡിയോയിൽ കാണാം.

വ്യാഴാഴ്ച രാത്രി തിരികെ എയർ ഇന്ത്യയിൽ തന്നെ പറക്കാനിരുന്ന താൻ അത് വേണ്ടെന്നു വച്ചതായി വാറ്റ്സ പറഞ്ഞു.

വിമാനദുരന്തത്തിൽ ഒന്റാരിയോ മിസ്സിസാഗയിൽ നിന്നുള്ള ദന്തരോഗവിദഗ്ദ്ധ കൊല്ലപ്പെട്ടു. കനേഡിയൻ പൗരത്വമുള്ള



നിരാലി സുരേഷ് കുമാർ പട്ടേലും മരിച്ചുവെന്ന് അവരുടെ ഭർത്താവ് സ്ഥിരീകരിച്ചു.

അഹ്മദാബാദ് വിമാനത്താവളത്തിൽനിന്ന് എയർ ഇന്ത്യ വിമാനം പറന്നുയർന്നതിനു തൊട്ടുപിന്നാലെ തന്നെ പൈലറ്റ് എയർ ട്രാഫിക് കൺട്രോളിലേക്ക് (എ.ടി.സി) 'മേയ്ഡേ കോൾ' നൽകിയിരുന്നു. പിന്നാലെ നിശബ്ദതയായിരുന്നു.

എ.ടി.സിയിൽനിന്ന് പൈലറ്റിനെ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും കിട്ടിയില്ല. വിമാനവുമായുള്ള ആശയവിനിമയം നഷ്ടപ്പെട്ടിരുന്നു. നിമിഷങ്ങൾക്കകം വിമാനം കെട്ടിടത്തിലേക്ക് ഇടിച്ചുകയറി വലിയ സ്ഫോടന ശബ്ദത്തോടെ തീഗോളമായി. എ.ടി.സിയിൽ നിന്നുള്ള പ്രതികരണം വിമാനം റിസീവ് ചെയ്തിട്ടില്ലെന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനും (ഡി.ജി.സി.എ) വ്യക്തമാക്കി.

സർദാർ വല്ലഭ്ഭായ് പട്ടേൽ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് ലണ്ടനിലെ ഗാറ്റ്‌വിക് വിമാനത്താവളത്തിലേക്ക് പുറപ്പെട്ട വിമാനത്തിൽ യാത്രക്കാരും ജീവനക്കാരുമായി 242 പേരാണ് ഉണ്ടായിരുന്നത്. എയർ ഇന്ത്യയുടെ എ.ഐ 171 വിമാനം പറത്തിയിരുന്നത് പരിചയസമ്പന്നരായ പൈലറ്റുമാരാണ്. ക്യാപ്റ്റൻ സുമീത് സബർവാൾ, ഫസ്റ്റ് ഓഫിസർ ക്ലൈവ് കുന്ദർ എന്നിവരാണ് വിമാനം നിയന്ത്രിച്ചിരുന്നത്. ക്യാപ്റ്റൻ സബർവാളിന് 8,200 മണിക്കൂർ വിമാനം പറത്തി പരിചയസമ്പത്തുണ്ട്.

സഹപൈലറ്റായ ക്ലൈവിന് 1,100 മണിക്കൂർ പരിചയസമ്പത്തുമുണ്ട്. വിമാനത്താവളത്തിലെ റൺവേ 23ൽനിന്ന് ഉച്ചയ്ക്ക് 1.39നാണ് വിമാനം പറന്നുയർന്നത്. വിമാനം ടേക്ക് ഓഫ് ചെയ്തതിനു തൊട്ടുപിന്നാലെ തന്നെ എയർ ട്രാഫിക് കൺട്രോളിന് അപായ സൂചന നൽകിയിരുന്നു. ഫ്ലൈറ്റ് ട്രാക്കിങ് പ്ലാറ്റ് ഫോമായ ഫ്ലൈറ്റ് റഡാറിൽ നിന്ന് ലഭിക്കുന്ന വിവരമനുസരിച്ച് 625 അടി ഉയരത്തിൽ നിന്നാണ് വിമാനം അപകടത്തിൽപ്പെടുന്നത്.

'മെയ്ഡേ' എന്നത് വ്യോമ, സമുദ്ര യാത്രകളിൽ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു ദുരന്ത സന്ദേശമാണ്. ജീവൻ അപകടത്തിലാകുന്ന അടിയന്തര സാഹചര്യത്തിൽ പൈലറ്റുമാരും കപ്പിത്താന്മാരും റേഡിയോ സിഗ്നൽ ഉപയോഗിച്ച് ആശയവിനിമയം നടത്തും. സാഹചര്യത്തിന്റെ ഗൗരവം സൂചിപ്പിക്കാൻ ഈ പദം മൂന്ന് തവണ ('മേയ്ഡേ, മേയ്ഡേ, മേയ്ഡേ') ആവർത്തിക്കും.


JOSCO TOURS
& TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL &
ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

# വിമാന അപകടങ്ങൾ തുടർക്കഥയാവുമ്പോൾ ദുഖപുത്രിയായി മലയാളി നേഴ്സ് രഞ്ജിതയും




emalayalee.com

എ.എസ് ശ്രീകുമാർ

ഇന്ത്യയെ കണ്ണീരണിയിക്കുകയും ലോകത്തെ ഞെട്ടിക്കുകയും ചെയ്ത അഹമ്മദാബാദ് വിമാനാപകട സ്ഥലത്തെ വൻചിത അണഞ്ഞുവെങ്കിലും ദുരന്തം ഏൽപ്പിച്ച ആഘാതം നീറിപ്പുകഞ്ഞുകൊണ്ടേയിരിക്കുന്നു. വിമാനത്തിലുണ്ടായിരുന്ന 242 പേരിൽ 241 പേരും, വിമാനം കത്തിയമർന്ന് ചാരമായ ബി.ജെ മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ മെസ്സിലുണ്ടായിരുന്നവർ ഉൾപ്പെടെ പ്രദേശവാസികളായ 50-ലേറെ പേരും അകാല മൃത്യുവിനിരയായി. പത്തനംതിട്ട പുല്ലാട്ട് സ്വദേശിനിയായ നേഴ്സ് രഞ്ജിത ഗോപകുമാർ എന്ന 42 കാരി ദുഖപുത്രിയായി. അപകടത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപെട്ട ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് പൗരൻ വിശ്വാസ് കുമാർ രമേശ് (40) അവിശ്വസനീയമായി ജീവിതത്തിലേയ്ക്ക് മടങ്ങിയെത്തിയത് ദൈവത്തിന്റെ കരങ്ങളിലൂടെ. അവിചാരിതമായി ഗുജറാത്ത് മുഖ്യമന്ത്രിക്കസേരയിലെത്തിയ വിജയ് രൂപാണിയുടെ മരണവും അപ്രതീക്ഷിതമായിരുന്നു.

ഏറ്റവും സുരക്ഷിതമെന്ന് പറയുന്ന ബോയിങ് ഡ്രീംലൈനർ 787-8 വിമാനം വീണ് തകർന്നതിന്റെ യഥാർത്ഥ കാരണങ്ങൾ വ്യക്തമായിട്ടില്ല. 12 വർഷം പഴക്കമുള്ള വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് അപകടത്തിന്റെ ചുരുളുകൾ നിവർത്തുമെന്ന് കരുതാം. വിമാനം ടേക്ക് ഓഫ് ചെയ്ത് 30 സെക്കന്റിനുള്ളിലാണ് സർദാർ വല്ലഭായി പട്ടേൽ ഇന്റർനാഷണൽ എയർപോർട്ടിന് തൊട്ടുള്ള ജനവാസ ജനവാസ മേഖലയിൽ പതിച്ച് തീഗോളമായത്. സുരക്ഷിതമായ ഉയരം കൈവരിക്കുന്നതിന് മുമ്പുണ്ടായ ഈ ദുരന്തം സൂചിപ്പിക്കുന്നത് രണ്ട് എഞ്ചിനുകളുടെയും തകരാറാണ്. വിമാനത്തിന്റെ ഫ്ളാപ്പുകൾ ശരിയായി പ്രവർത്തിക്കാതിരുന്നതും ലാൻഡിങ് ഗിയറുകൾ മടങ്ങാതിരുന്നതും അപകട കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. അതേസമയം വിമാനത്തിലുണ്ടായിരുന്ന 1,26,000 ലിറ്റർ ഇന്ധനം ദുരന്തത്തിന്റെ തീവ്രത പതിൻമടങ്ങ് വർധിപ്പിച്ചു.

അപകട ദിവസം യു.എസ് വിപണിയിൽ ബോയിങ് കമ്പനിയുടെ ഓഹരിവിലയിൽ വലിയ ഇടിവുണ്ടായി. കൂടുതൽ ഇന്ധനക്ഷമതയും മികച്ച യാത്രാനുഭവവും വാഗ്ദാനം ചെയ്യുന്നതാണ് ബോയിങ്ങിന്റെ ഡ്രീംലൈനർ വിമാനങ്ങൾ. ദീർഘദൂര സർവീസുകൾക്ക് ഉപയോഗിക്കുന്ന അത്യാധുനിക വിമാനങ്ങളാണിവ. പക്ഷേ, ഡ്രീംലൈനർ വിമാനത്തിലെ ചില സുരക്ഷാ പ്രശ്നങ്ങൾ അടുത്തകാലത്ത് ബോയിങ്ങിലെ മുൻ ഉദ്യോഗസ്ഥൻ ചൂണ്ടിക്കാട്ടിയിരുന്നു. വിമാനങ്ങളുടെ ബാറ്ററിയുമായി ബന്ധപ്പെട്ട പരാതികൾ നേരത്തെ ഉയർന്നിരുന്നെങ്കിലും ബോയിങ് കമ്പനി അധികൃതർ അത് നിരാകരിക്കുകയായിരുന്നുവെന്ന അക്ഷേപങ്ങളും ഇപ്പോൾ പുറത്തുവരുന്നുണ്ട്.

ഇക്കാലത്ത് വിമാനയാത്രകൾ ഒഴിച്ചുകൂടാനാകാത്തതാണ്. ഒരു കാലഘട്ടിൽ വിമാനയാത്ര ആഢംബരത്തിന്റെയും സ്റ്റാസിന്റെയും പ്രതീകമായിരുന്നുവെങ്കിൽ ഇന്നത് എല്ലാവിഭാഗങ്ങൾക്കും അനിവാര്യമാണ്. അത് പരമാവധി സുരക്ഷിതമാക്കുക എന്നത് ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളും അതിശ്രദ്ധ ചെലുത്തേണ്ട പരമപ്രധാന കാര്യവുമാണ്. വിമാനയാത്ര ഭയരഹിതവും സുരക്ഷിതവും സന്തോഷകരവുമാക്കാൻ



ബന്ധപ്പെട്ട അധികൃതർ എന്ത് നടപടിയെടുക്കുമെന്ന് കാത്തിരിക്കുകയാണ് പ്രവാസികൾ ഉൾപ്പെടെയുള്ളവർ. ഇന്ന് ദുരന്ത സ്ഥലം സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം ചില പ്രതീക്ഷകൾ നൽകുന്നുണ്ട്. പ്രവാസി ഇന്ത്യക്കാരുടെ ആശങ്കകൾ ദൂരീകരിക്കപ്പെടേണ്ടതുണ്ട്.

മലയാളികൾക്കെല്ലാം നോവായി നേഴ്സ് രഞ്ജിത ഗോപകുമാറിന്റെ വേർപാട് മാറിയിരിക്കുന്നു. ജീവിത പ്രാരാബ്ധങ്ങൾ കാരണം മികച്ച അവസരങ്ങൾ തേടിയുള്ള നെട്ടോട്ടത്തിനിടയിലാണ് രഞ്ജിത ഇത്തരമൊരു ദുരന്തത്തിൽപെട്ടത്. പരേതനായ ഗോപകുമാരൻ നായർ-തുളസി ദമ്പതികളുടെ ഇളയമകളാണ് രഞ്ജിത. പന്തളത്ത് നേഴ്സിങ്ങിൽ ബിരുദം നേടിയ ശേഷം രഞ്ജിത ഗുജറാത്തിലെ ആശുപത്രിയിലാണ് നേഴ്സിങ് ജോലി ആരംഭിക്കുന്നത്. പി.എസ്.സി വഴി കോഴഞ്ചേരി ഗവൺമെന്റ് ആശുപത്രിയിൽ സ്റ്റാഫ് നേഴ്സായി 2019-ൽ ജോലിക്ക് കയറിയ രഞ്ജിത ജി നായർ അഞ്ച് വർഷത്തെ അവധിയെടുത്താണ് വിദേശത്തേയ്ക്ക് പോയത്. ഖത്തറിൽ നിന്ന് പോയതിനെ തുടർന്ന് ഒൻപത് വർഷത്തോളം സലാലയിൽ ഒമാൻ ആരോഗ്യ മന്ത്രാലയത്തിൽ സ്റ്റാഫ് നേഴ്സ് ആയി ജോലി ചെയ്ത ശേഷമാണ് രഞ്ജിത ഒരു വർഷം മുമ്പ് ലണ്ടനിലേക്ക് പോയത്. അവധി പുതുക്കാനാണ് നാട്ടിലേയ്ക്ക് മൂന്നു ദിവസത്തെ ഇടവേളയ്ക്ക് ലണ്ടനിൽ നിന്നും എത്തിയത്.

സ്വപ്നങ്ങളുടെ കൂടൊരുക്കാൻ ജന്മനാട്ടിലേക്ക് പറന്നെത്തിയ രഞ്ജിത ഗോപകുമാർ കർമ്മഭൂമിയിൽ നിന്ന് മടങ്ങുന്നതിനിടെ മരണത്തിന്റെ ചിറകിലേറി യാത്രയായി. സ്വന്തം വീടെന്ന സ്വപ്നം പൂർത്തിയാക്കാൻ നാട്ടിലെത്തിയതായിരുന്നു രഞ്ജിത. വീടുപണി അവസാന ഘട്ടത്തിലെത്തിയിരുന്നു.



രഞ്ജിതയുടെ അപ്രതീക്ഷിത വിയോഗം മക്കളായ ഇതികയ്ക്കും (ഏഴാം ക്ലാസ്) ഇന്ദുചൂഡനും (പത്താം ക്ലാസ്) ക്യാൻസർ രോഗബാധിതയായ അമ്മ തുളസിക്കും ജീവിതത്തിൽ താങ്ങാനാവാത്ത ആഘാതമാണ് സമ്മാനിച്ചിരിക്കുന്നത്. മസ്കറ്റിലുള്ള രഞ്ജിത്ത് ജി നായർ, രതീഷ് ജി നായർ എന്നിവരാണ് രഞ്ജിതയുടെ സഹോദരങ്ങൾ. കുടുംബത്തിന്റെ സന്തോഷവും പ്രതീക്ഷയുമായിരുന്ന രഞ്ജിതയുടെ വേർപാട് അവരെയെല്ലാം പൂർണ്ണമായും തളർത്തിക്കളഞ്ഞിരിക്കുന്നു. സ്വന്തം വീട് എന്ന സ്വപ്നവുമായി പറന്ന രഞ്ജിത ചേതനയറ്റാണ് പണി തീരാത്ത വീട്ടിൽ മടങ്ങിയെത്തുക.

ഏതായാലും ഇന്ത്യയെ ഞെട്ടിച്ച ഏറ്റവും വലിയ വിമാന അപകടങ്ങളുടെ പട്ടികയിലേയ്ക്ക് അഹമ്മദാബാദ് ദുരന്തവും എഴുതിച്ചേർക്കപ്പെടുകയാണ്. 1996 നവംബർ 12-ാം തീയതി ഡൽഹിയിൽ നിന്ന് ഡെറാഡൂണിലേക്ക് പോകുകയായിരുന്ന സൗദി എയർലൈൻസിന്റെ ബോയിങ് 747 വിമാനവും ഖസാഖ്സ്ഥാനിലെ ഷിംകെന്റിൽ നിന്ന് ഡൽഹിയിലേക്ക് എത്തുകയായിരുന്ന ഖസാഖ്സ്ഥാൻ എയർലൈൻസിന്റെ ഇല്യൂഷിൻ ഐ 1 വിമാനവും കൂട്ടിയിടിച്ച് 349 പേർ മരിച്ചതാണ് ഇന്ത്യയിലെ ഏറ്റവും വലിയ വിമാനാപകടം. ഡൽഹിയിൽ നിന്ന് 100 കിലോമീറ്റർ അകലെ ചർഖി ദാദ്രി ഗ്രാമത്തിന് മുകളിൽ വച്ചായിരുന്നു ഈ ആകാശ കൂട്ടിയിടി.

എയർ ഇന്ത്യ എക്സ്പ്രസ്സ് 1344 വിമാനം കോഴിക്കോട് കരിപ്പൂരിലെ വിമാനത്താവളത്തിൽ ഇറങ്ങാൻ ശ്രമിക്കവേ ടേബിൾ ടോപ്പ് റൺവേയിൽ നിന്ന് തെന്നി 21 പേർ മരിച്ചത് 2020 ഓഗസ്റ്റ് ഏഴാം തീയതിയാണ്. ദുബായിൽ നിന്ന് മംഗളൂരുവിലേക്ക് വന്ന എയർ ഇന്ത്യ എക്സ്പ്രസ് 812 ബോയിങ് 737-800 വിമാനം മംഗളൂരു അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലാൻഡിങ്ങിനിടെ അപകടത്തിൽ പെട്ട് 158 പേർ മരിച്ചു. 2010 മെയ് 22-ാം തീയതിയായിരുന്നു ഈ ദുരന്തം.


2000 ജൂലായ് 17-ന് ബീഹാറിലെ പട്നാ എയർപോർട്ടിൽ ഇറങ്ങാനിരുന്ന അലയൻസ് എയർ 742 വിമാനം പൈലറ്റിന്റെ പിഴവു കാരണം ജനവാസ മേഖലയിൽ തകർന്നു വീണ് 60 പേർ കൊല്ലപ്പെട്ടു. ഇന്ത്യൻ എയർലൈൻസിന്റെ 605 എയർ ബസ് 320 വിമാനം ബംഗളൂരുവിൽ ലാൻഡിങ്ങിന് ശ്രമിക്കവേ അപകടത്തിൽ പെട്ടു. 1990 ഫെബ്രുവരി 14-ാം തീയതിയുണ്ടായ ഈ അപകടത്തിൽ 92 പേർക്കാണ് ജീവഹാനി സംഭവിച്ചത്.

1998 ഒക്ടോബർ 19-ാം തീയതി ഇന്ത്യൻ എയർലൈൻസിന്റെ ബോയിങ് 737-200 വിമാനം അഹമ്മദാബാദ് വിമാനത്താവളത്തിൽ ലാൻഡ് ചെയ്യാൻ ശ്രമിക്കവേ ഉണ്ടായ അപകടത്തിൽ 133 പേർ കൊല്ലപ്പെട്ടു. മുംബൈയിൽ നിന്ന് ദുബായിലേക്ക് പുറപ്പെട്ട എയർ ഇന്ത്യയുടെ ബോയിങ് 747 വിമാനം ടേക്ക് ഓഫ് ചെയ്ത ഉടൻ അറബിക്കടലിൽ തകർന്നു വീണു. 1978 ജനുവരി ഒന്നാം തീയതി പുതുവർഷ ദിനത്തിൽ സംഭവിച്ച അപകടത്തിൽ 213 പേരാണ് മരിച്ചത്. ഡൽഹി പാലം വിമാനത്താവളത്തിന് സമീപം 1973 മെയ് 31-ാം തീയതി ഇന്ത്യൻ എയർലൈൻസ് 440 വിമാനം തകർന്നു വീണ് 48 പേർ മരിച്ചു.

ജൂൺ 12 ഉച്ചയ്ക്ക് ഇന്ത്യൻ സമയം 1.38-ന് അഹമ്മദാബാദിലെ നീലാകാശത്തേയ്ക്ക് എയർ ഇന്ത്യ വിമാനം റൺവേ വിട്ട് ഉയരുമ്പോൾ അതിലെ ഒരോ മനുഷ്യർക്കും ഒട്ടേറെ സ്വപ്നങ്ങളും ഒരുപാട് പ്രതീക്ഷകളും ഉണ്ടായിരുന്നു. നിലം വിട്ട് നിർദിഷ്ട ഉയരം കൈവരിക്കാതെ സെക്കന്റുകൾക്കുള്ളിൽത്തന്നെ ആർക്കും ഒന്നുറക്കെവിളിക്കാനാവാതെ വിമാനം നിലത്തു വീണ് അഗ്നിഗോളമായി മാറിക്കഴിഞ്ഞിരുന്നു. ഇന്ത്യയിലും ആകാശ ദുരന്തങ്ങൾ ഇങ്ങനെ തുടർക്കഥകളാവുകയാണ്...

# SPECTRUM AUTO

*Exceeding Perfection*




## CERTIFIED COLLISION CENTER

TESLA
APPROVED COLLISION CENTER

GOLD CLASS I-CAR

PLATINUM I-CAR

★★★★★
5.0 average rating

## OEM CERTIFICATIONS

HONDA CERTIFIED

HYUNDAI CERTIFIED COLLISION REPAIR CENTER

RAM

INFINITI

ACURA CERTIFIED

CHRYSLER

DODGE

Jeep

KIA

FIAT

NISSAN

GT-R CERTIFIED COLLISION REPAIR PROVIDER

FORD CERTIFIED COLLISION NETWORK

GENESIS CERTIFIED COLLISION REPAIR CENTER

gm COLLISION REPAIR NETWORK

SCAN ME

845 348 7777 | SPECTRUMAUTOINC.COM

175 SOUTH ROUTE 303, WEST NYACK, NY 10994

# ലഹരിവ്യാപനത്തിനെതിരെ കോൺക്ളേവുമായി ഓർത്തഡോക്സ് സഭ




**ഷാജി വർഗീസ്**

(മാനേജിങ് കമ്മിറ്റി അംഗം, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്)

കേരളീയ സമൂഹത്തെ ഇന്ന് നശിപ്പിച്ചുകൊണ്ടിരിക്കുന്ന ലഹരി എന്ന മഹാവിപത്തിനെതിരെ കോൺക്ളേവുമായി മലങ്കര ഓർത്തഡോക്സ് സഭ. ജൂൺ 14ന് ശനിയാഴ്ച രാവിലെ മുതൽ വൈകിട്ട് വരെ സംഘടിപ്പിക്കുന്ന 'ഡ്രക്സിറ്റ്' എന്ന് പേരിട്ടിക്കുന്ന പരിപാടികൾക്ക് പരിശുദ്ധ കാതോലിക്കാ ബാവാ നേതൃത്വം നൽകുന്നു. ലഹരിക്കെതിരായ ബോധവത്കരണത്തിന്റെ ഭാഗമായുള്ള ഫ്ലാഷ് മോബുകൾ ജൂൺ 12ന് രാവിലെ 11 ന് കോട്ടയം ഗാന്ധി സ്ക്വയറിലും 13ന് ഉച്ച കഴിഞ്ഞ് 3 മണിക്ക് കോട്ടയം നാഗമ്പടം പ്രൈവറ്റ് ബസ് സ്റ്റാൻഡിലും 14 ന് രാവിലെ 9.30 ന് കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിലും നടത്തപ്പെടുന്നതാണ്.




കഴിഞ്ഞ 2 വർഷമായി സഭ നമ്മുടെ സമൂഹത്തിന്റെ മഹാവിപത്തായ ലഹരി വസ്തുക്കളുടെയും മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗത്തിനെതിരെ പോരാടുന്നതിന്റെ ഭാഗമായാണ് ജൂൺ 14ന് ലഹരിക്കെതിരെ കോൺക്ളേവ് സംഘടിപ്പിക്കുന്നതെന്ന് കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ നടന്ന പ്രസ് മീറ്റിൽ വ്യക്തമാക്കി. സഭയുടെ മാനവശേഷി ഹ്യൂമൻ എംപവർമെന്റ് ഡിപ്പാർട്മെന്റ്

നടത്തുന്ന കോൺക്ലേവിന് മുംബൈ ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയാണ് നേതൃത്വം വഹിക്കുന്നത്. സഭയുടെ വൈദിക ട്രസ്റ്റി ഡോ. തോമസ് വർഗീസ് അച്ചൻ, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, മാനവശേഷി ഡിപ്പാർട്മെന്റ് സെക്രട്ടറി പി എ ഫിലിപ് അച്ചൻ എന്നിവരും പരിപാടികളുടെ ചുമതല വഹിക്കുന്നു.

ലഹരി എന്ന സാമൂഹിക വിപത്തിനെതിരായ മലങ്കര സഭയുടെ പ്രതികരണമാണ് ഈ കോൺക്ലേവ് എന്ന് ബാവാ തിരുമേനി പത്ര സമ്മേളനത്തിൽ പറഞ്ഞു. തലമുറകളെ ഇല്ലാതാക്കുന്ന, മനുഷ്യന്റെ സർഗ്ഗശേഷി നശിപ്പിക്കുന്ന വലിയ വിപത്താണ് മദ്യ, മയക്കുമരുന്ന് ഉപയോഗം. മദ്യ മാഫിയകളുടെ പിടിയിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കേണ്ടത് അത്യാവശ്യമാണ്. സമൂഹത്തെ ക്യാൻസർ പോലെ കാർന്നു തിന്നുന്ന വിപത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കാൻ ഉത്തരവാദപ്പെട്ട സമൂഹത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ മാധ്യമ പ്രവർത്തകരും ഒരുമിച്ച് പ്രവർത്തിക്കേണ്ട ആവശ്യകത അധികരിച്ചിരിക്കുന്നുവെന്ന് മീറ്റിങ്ങിൽ ചൂണ്ടിക്കാണിക്കപ്പെട്ടു. സഭയുടെ വിവിധ ഇടവകകൾ വഴി സന്നദ്ധ സംഘങ്ങൾ രൂപീകരിച്ച് ഇതിന് വേണ്ടി പ്രവർത്തിക്കാനുള്ള ശ്രമമാണ് കോൺക്ലേവ് നടത്തുന്നത്. സഭയുടെ ആത്മീയ സംഘടനകൾ, മറ്റ് പ്രവർത്തന മേഖലകളിലെ പ്രധാനപ്പെട്ട ആളുകൾ എന്നിവരെ ഉൾപ്പെടുത്തിയാണ്കോൺക്ലേവ് നടത്തുന്നത്. ഇതൊരു പബ്ലിക് മീറ്റിങ് അല്ല. ഓരോ പ്രസ്ഥാനത്തിന്റെയും ഉത്തരവാദപ്പെട്ട ആളുകളെ വിളിച്ച് ബോധവൽക്കരണം നടത്തി സമൂഹത്തിൽ ഓരോയിടത്തും, പള്ളികളിലും സ്കൂളിലും കോളജിലുമൊക്കെ ബോധവത്കരണം നടത്താൻ അവരെ ഒരുക്കുകയാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ കാര്യങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിന് മാധ്യമപ്രവർത്തകരുടെ സഹകരണവും പ്രവർത്തനവും ഉണ്ടാകണം. ബാവാ തിരുമേനി പറഞ്ഞു.

ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് നീങ്ങിക്കൊണ്ടിരിക്കുന്ന ഭീതിദമായ അവസ്ഥയെക്കുറിച്ച് കൂറിലോസ് തിരുമേനി പറഞ്ഞു കേരളത്തിലെ ചെറുപ്പക്കാർ ഇന്ന് പറന്നകലുന്നു. സഭയിലെ പിതാക്കന്മാരും ആധ്യാത്മിക സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കണം. മാറ്റങ്ങൾ വരണം. സന്ദേശങ്ങൾ കൃത്യസമയത്ത് വ്യക്തമായി അവതരിപ്പിക്കുക.അബദ്ധത്തിൽ നിന്നും അപകടത്തിൽ നിന്നും മോചിപ്പിക്കുന്നതിന് മാധ്യമങ്ങൾക്കും കൂട്ടായ ഉത്തരവാദിത്തമുണ്ട്, സഭ ഇതിന് നേതൃത്വം നൽകുന്നു. നാടിന്റെ മനസാക്ഷിയെ കാത്ത് സൂക്ഷിക്കാൻ സാധിക്കുന്നതിന് വരും തലമുറയെ അപകടകരമായ സാഹചര്യത്തിൽ നിന്ന് രക്ഷിക്കാൻ കഴിയണം. ജീവന്റെ നിലനിൽപ്പാണ് പ്രധാനം. അതു സജീവമായി നില നിൽക്കണം. ഈ സന്ദേശം നാടിനെ രക്ഷിക്കാനാണ് പ്രത്യാശയോടെ നീങ്ങാം. കൂറിലോസ് തിരുമേനി ആഹ്വാനം ചെയ്തു.

മഹാരാഷ്ട്ര ഗവർണർ സി പി രാധാകൃഷ്ണൻ കോൺക്ലേവിന്റെ ഉച്ചകഴിഞ്ഞുള്ള സമാപന സമ്മേളനത്തിൽ പങ്കെടുക്കുന്നു. രാവിലെ നടക്കുന്ന സെമിനാറിൽ പ്രശസ്ത ചലച്ചിത്ര പ്രവർത്തകൻ ബ്ലസി പങ്കെടുക്കുന്നുണ്ട് തുടർന്ന് പാനൽ ഡിസ്കഷൻ തുടങ്ങി വിവിധ പരിപാടികൾ ഉണ്ട്.

ഇത്തരം നൂതനമായൊരു പരിപാടി അവതരിപ്പിച്ച സഭയുടെ ഈ സംരംഭത്തിനും എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ നേരുന്നു.


ATTORNEY AT LAW

VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208


AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION &
SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott
Convention Center
At River Center, Ohio USA
This conference will host Physicians, Healthcare Professionals and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Satheesh Kathula, MD
President, AAPI
Sunil Kaza, MD
Chairman, AAPI BOT
Guests and Dignitaries
Bobby Mukkamala, MD
Michael Suk, MD
Mario R Capecchi, PHD
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
More Info: www.aapiconvention.org | info@aapiusa.org

# തഗ് ലൈഫ്

## കമൽ ഹാസൻ – മണിരത്നം കൂട്ടുകെട്ട്, 38 വർഷത്തിന് ശേഷം



ഏബ്രഹാം തോമസ്


കമൽ ഹാസന്റെ 'തഗ് ലൈഫ്' തീയേറ്ററുകളിൽ എത്തുന്നതിനു മുൻപ് തന്നെ വിവാദമായി. കർണാടകത്തിൽ നടൻ നടത്തിയ ചില പരാമർശങ്ങൾ തങ്ങൾക്കു അസ്വീകാര്യമാണെന്നു ആരോപിച്ചു ചിത്രം ആ സംസ്ഥാനത്തു റിലീസ് ചെയ്യുന്നത് ചിലർ പ്രതിരോധിച്ചു. ഒരു ചിത്രവും പാടെ വിലക്കുന്നതിനോ രാഷ്ട്രീയമായി നേരിടുന്നതോ കല ആസ്വാദകർക്ക് അനുകൂലിക്കുവാൻ കഴിയുന്നതല്ല. ഇതിനു അപൂർവങ്ങളിൽ അപൂർവമായ കാരണങ്ങൾ മാത്രമാണ് എതിരായി ഉള്ളത്. തഗ് ലൈഫിൽ എതിർക്കണ്ടതായി പ്രേക്ഷകന് അനുഭവപ്പെടുക റീലുകളിൽ കുത്തി നിറച്ച അക്രമവും പുകവലിയും മദ്യപാനവും മാത്രമാണ്.

കമൽ ഹാസന്റേതാണ് കഥ. കണ്ടു പരിചയിച്ച രംഗങ്ങൾ കഥയുടെ പഴയ വഴിത്തിരിവുകൾ കൂട്ടിച്ചേർത്തു ആസ്വാദ്യകരമാക്കാൻ ഒരു ശ്രമം നടത്തിയിട്ടുണ്ട്. ഫോർമുലകൾ വിട്ടു അധിക ദൂരം അഞ്ചരിക്കുവാൻ കമലിനോ സംവിധായകൻ മണി രത്നത്തിനോ ഭയമാണെന്നു നാം മനസിലാക്കുന്നു. ചിത്രത്തിലെ സ്ത്രീ കഥാപാത്രങ്ങൾക്ക് പോലും ആവശ്യമായ ഫുട്ടെജു നൽകിയിട്ടില്ല. വളരെ വേഗം അവരെ വിട്ടിട്ടു അക്രമത്തിലേക്കും കൊലപാതകങ്ങളിലേക്കും മടങ്ങാൻ ഇരുവരും കാട്ടുന്ന വെമ്പൽ ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. അഭിരാമി, തൃഷ കൃഷ്ണൻ, ഐശ്വര്യ ലക്ഷ്മി, എന്നീ മൂന്നു പ്രതിഭാധനരായ നടികളുടെ കഴിവുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ശ്രമിച്ചിട്ടില്ല.

കണ്ടു മടുത്ത, കേട്ട് മടുത്ത പ്രമേയം. നഗരവും സംസ്ഥാനവും നിയന്ത്രിച്ചു കഴിയുന്ന രണ്ടു, മൂന്നു മാഫിയ കൊള്ള സംഘങ്ങൾ. ഒരെണ്ണത്തെ നയിക്കുന്നത് രംഗരായ ശക്തിവേൽ നായകർ (കമൽ ) ആണ്. നേതൃത്വം മോഹിക്കുന്ന മൂത്ത സഹോദരൻ മാണിക്യവും (നാസർ ) എടുത്തു വളർത്തിയ മകൻ അമറും (സിലമ്പരശനും), അശോക് സെൽവനും, ജോജു ജോർജും മറ്റു ചിലരും മാഫിയ സംഘ നേതാവാകാൻ തക്കം പാർത്തു കഴിയുകയാണ്. അമറിന് തന്റെ പിതാവിനെ കൊന്നത് ശക്തിവേൽ ആണെന്ന തെറ്റിധാരണയും ഉള്ളിൽ അടങ്ങാത്ത പകയും ഉണ്ട്. പല വധ ശ്രമങ്ങൾ അതിജീവിക്കുന്ന ശക്തിവേലിന് അമറിന്റെ തെറ്റിദ്ധാരണ മാറ്റാൻ കഴിയുന്നു.

കമലും മണി രത്നവും ചേർന്ന് തയ്യാറാക്കിയ തിരക്കഥ പഴയ ഫോർമുലകൾ ആവോളം ആശ്രയിച്ചിരിക്കുന്നു. കമൽ, നാസർ, സിലമ്പരശൻ, അഭിരാമി, തൃഷ എന്നീ അഭിനേതാക്കളുടെ പ്രകടനങ്ങളാണ് ചിത്രത്തിന്റെ നിലവാരം ഉയർത്തിയത്. കമലും സിലമ്പരശനും തമ്മിലുള്ള രംഗങ്ങൾ, കമലും അഭിരാമിയും തൃഷയും ചേർന്നഭിനയിച്ച രംഗങ്ങൾ, കമലും നാസറും തമ്മിലുള്ള രംഗങ്ങൾ എന്നിവ വികാരാവിഷ്കരണത്തിന്റെ മനോഹര ഓർമ്മകളായി ചലച്ചിത്ര ആരാധകർക്ക് സൂക്ഷിക്കുവാൻ കഴിയും. വളരെ നീണ്ട ചിത്രത്തിന്റെ റീലുകൾ അഴിയുമ്പോൾ ഈ അധിക ആകർഷണങ്ങൾ ആരാധകരെ തങ്ങളുടെ സീറ്റുകളിൽ പിടിച്ചിരുത്തും. ദശകങ്ങൾ കഴിഞ്ഞിട്ടും അതെ ഊർജസ്വലതയോടെ ക്യാമെറയുടെ മുൻപിൽ തന്റെ പ്രതിഭാവിലാസം പ്രദർശിപ്പിക്കുവാൻ കമലിന് കഴിയുന്നത് വിസ്മയത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയൂ.

ബ്ലാക്ക് ആൻഡ് വൈറ്റ് ഫുട്ടെജുകൾ ഉപയോഗിച്ച് പഴയ സംഭവങ്ങൾ ആവർത്തിക്കുന്നത് ചിത്രത്തിന്റെ ദൈർഘ്യം കൂട്ടാനാണെന്നു സമ്മതിക്കാതെ വയ്യ. രവി കെ ചന്ദ്രന്റെ കാമറ ആംഗിളുകൾ പ്രശംസനീയമാണ്. നായക വേഷത്തിൽ ഇത് കമലിന്റെ 234 -ആമത്തേ ചിത്രമാണ്. റെഡ് ജയന്റ് മൂവീസിന്റെ സ്റ്റാൻഡേർഡ്, ഐമാക്സ്, എപലിക് ഫോർമാറ്റുകളിൽ ചിത്രം റിലീസ് ചെയ്തിരിക്കുന്നു. പതിവ് പോലെ എ ആർ റഹ്മാന്റെ സംഗീതം നിരാശപെടുത്തുന്നില്ല. കമൽ സ്വയം ഗാനരചന നടത്തിയ ജിൻഗൂച്ചാ, അഞ്ചു വർണ പൂവേ എന്നീ ഗാനങ്ങൾ ഹൃദ്യമാണ്. മണി രത്നത്തിന്റെ 'നായകൻ, 'ബോംബെ', 'ദിൽ സേ', തുടങ്ങിയ ആരംഭ വർഷങ്ങളിലെ ചിത്രങ്ങളിൽ പ്രകടമായ ശക്തമായ പ്രമേയങ്ങളോ തീവ്രതയോ തുടർന്നുള്ള ഈ സംവിധായകന്റെ ചിത്രങ്ങളിൽ കാണാൻ കഴിഞ്ഞിട്ടില്ല. തഗ് ലൈഫും ഇതിനു അപവാദമല്ല. എങ്കിലും ഒരു തവണ ചിത്രം കാണുന്നത് സിനിമ ആരാധകരെ നിരാശപ്പെടുത്തില്ല.


FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF TRUST
BUILT by TRUST
ONGOING PROJECTS
HORIZON Venpalavattom ONGOING
PARAMOUNT Kaloor ONGOING
INFINITY Near Devamatha School ONGOING
PRIMA Mundur ONGOING
Legacy Chalappuram ONGOING
COMPLETED PROJECTS
gateway Venpalavattom READY HOMES
divinity Sreevaraham READY HOMES
MERIDIAN Ayyanthole READY HOMES
UPTOWN Patturaikkal READY HOMES
courtyard Chevayur READY HOMES
FOR MORE DETAILS & CALL: 9020 155 555

# കോമോയ്ക്ക് പിന്തുണയുമായി അമേരിക്കൻ ഹിന്ദുക്കൾ; മംദാനിയെ തോൽപിക്കാൻ ആഹ്വാനം



ന്യൂയോർക്ക്: ന്യൂയോർക്ക് സിറ്റി മേയർ സ്ഥാനത്തേക്ക് മത്സരിക്കുന്ന ആൻഡ്രൂ കൊമോയെ പിന്തുണച്ചുകൊണ്ട് അമേരിക്കയിലെ ഹിന്ദുക്കൾ ബാനർ ഉയർത്തി. മേയർ തിരഞ്ഞെടുപ്പിന് ഹിന്ദുക്കൾ ഏറെ പ്രാധാന്യം നൽകുന്നതിന്റെ സൂചനയാണ് ഈ പിന്തുണ. ഇന്ത്യക്കാരനെങ്കിലും എതിർ സ്ഥാനാർഥി സൊഹ്റാൻ മംദാനി പ്രധാനമന്ത്രി മോദിയെ യുദ്ധ കുറ്റവാളി എന്ന് വിളിച്ചതും മറ്റും ഹിന്ദുക്കളെ അസ്വസ്ഥരാക്കിയിരുന്നു. മംഡാനിയെ തോൽപ്പിക്കണമെന്ന് നിലപാടിലാണ് ബി.ജെ.പി. അനുകൂല ഹിന്ദുസംഘടനകൾ.

തങ്ങളുടെ മൂല്യങ്ങളും കാഴ്ചപ്പാടും പ്രതിഫലിപ്പിക്കുന്ന ഒരു സ്ഥാനാർത്ഥിക്ക് പിന്നിൽ ഒറ്റക്കെട്ടായി നിൽക്കണമെന്ന് ഹിന്ദു അമേരിക്കൻ പിഎസി ഓഫ് ന്യൂയോർക്കിന്റെ പ്രസിഡന്റ് രാകേഷ് ശ്രീധർ അഭിപ്രായപ്പെട്ടു. ഐക്യത്തിനും ഉൾക്കൊള്ളലിനും വേണ്ടി ഗവർണർ ആയിരിക്കെ കോമോ പുലർത്തിയ പ്രതിബദ്ധ അദ്ദേഹം ഊന്നിപ്പറഞ്ഞു.

വെറുപ്പിനെയും വിഭജനത്തെയും ന്യായീകരിക്കാൻ യാതൊന്നുമില്ല എന്നുള്ള കോമോയുടെ ശക്തമായ വാദത്തെ അമേരിക്കൻ ഹിന്ദു സമൂഹം പ്രശംസിച്ചു. വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ, ഭവന പ്രതിസന്ധി, മറ്റ് സ്ഥാനാർത്ഥികളിൽ നിന്നുള്ള ഭിന്നിപ്പിക്കുന്ന പ്രചാരണകൾ തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങൾ ന്യൂയോർക്കുകാർ നേരിടുമ്പോൾ, കോമോയുടെ വിപുലമായ അനുഭവസമ്പത്തും നേതൃപാടവവും നിർണായകമാണെന്ന് ഹിന്ദു സമൂഹം ഉറച്ചു വിശ്വസിക്കുന്നു.

പൊതുസേവനത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച കോമോ, യുഎസ് സെക്രട്ടറി ഓഫ് ഹൗസിങ് ആൻഡ് അർബൻ ഡെവലപ്മെന്റ്, ന്യൂയോർക്കിന്റെ അറ്റോർണി ജനറൽ, ന്യൂയോർക്കിന്റെ 56-ാമത് ഗവർണർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വപരമായ കഴിവുകളും അനുഭവപരിചയവും ന്യൂയോർക്ക് സിറ്റിയിലെ ജനങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി നിറവേറ്റുന്നതിന് അദ്ദേഹത്തെ പ്രാപ്തനാക്കുന്നു എന്നും രാകേഷ് ശ്രീധർ വ്യക്തമാക്കി.




ന്യൂയോർക്ക് സിറ്റിയിലെ സങ്കീർണ്ണതകളെ മറികടക്കാൻ കഴിയുന്ന പരിചയസമ്പന്നനും പക്വതയുള്ളതുമായ നേതാവിനെ ന്യൂയോർക്കുകാർ അർഹിക്കുന്നു എന്നും ഹിന്ദു സമൂഹത്തിന്റെ പ്രതിനിധിയായ ഡോ. രാകേഷ് ശ്രീധർ പറഞ്ഞു. രാജ്യം നേരിടുന്ന വെല്ലുവിളികളുടെ പ്രതിഫലനമെന്ന നിലയിൽ, വിദ്വേഷത്തിനും മതഭ്രാന്തിനും എതിരെ പോരാടുന്നതിൽ ന്യൂയോർക്കിന്റെ നേതൃത്വം അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാജ്യമെമ്പാടും പ്രതിധ്വനിക്കുന്ന ഒരു മാതൃക സൃഷ്ടിച്ചുകൊണ്ട്, ഭിന്നിപ്പിക്കുന്നതും വെറുപ്പുളവാക്കുന്നതുമായ രാഷ്ട്രീയത്തിനെതിരായ പോരാട്ടത്തിന് നേതൃത്വം നൽകാൻ ന്യൂയോർക്ക് മേയർ തിരഞ്ഞെടുപ്പിന് അതുല്യമായ സ്ഥാനമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സമാധാനം, അഹിംസ, ഐക്യം എന്നീ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഹിന്ദുമതം, ന്യൂയോർക്കിനെക്കുറിച്ചുള്ള കോമോയുടെ ദർശനവുമായി യോജിക്കുന്നു എന്നും അദ്ദേഹം വിശദീകരിച്ചു.

മേയർ തിരഞ്ഞെടുപ്പ് ചൂടുപിടിക്കുമ്പോൾ, ആൻഡ്രൂ കൊമോയ്ക്ക് കൂടുതൽ സമഗ്രമായ ഐക്യദാർഢ്യമാണ് അമേരിക്കൻ ഹിന്ദു സമൂഹം നൽകിവരുന്നത്.


LAWSON
travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies

# അമേരിക്കൻ മലങ്കര അതിഭ്രദ്രാസന ഫാമിലി കോൺഫറൻസ്

# വിവിധ കമ്മറ്റികൾ പ്രവർത്തനമാരംഭിച്ചു

ജോർജ് കറുത്തേടത്ത്




അമേരിക്കൻ മലങ്കര അതിഭദ്രാസന 36–ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് 2025 ജൂലൈ മാസം 16(ബുധൻ) മുതൽ 19(ശനി) വരെ, വാഷിംഗ്ടൺ ഡിസിയിലെ ഹിൽട്ടൺ വാഷിംഗ്ടൺ ഡ്യൂലെസ് എയർപോർട്ട് ഹോട്ടലിൽ വെച്ചു നടത്തുന്നതിന് ഇടവക മെത്രാപോലീത്താ, അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപോലീത്തായുടെ മേൽനോട്ടത്തിൽ ഭദ്രാസന കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

കൺവീനർ: റവ.ഫാ.ജെറി ജേക്കബ്ബ്(ഭദ്രാസന സെക്രട്ടറി), ജോ.കൺവീനർ: ശ്രീ.ജോജി കാവനാൽ(ട്രഷറാർ)

ഫെസിലിറ്റീസ്: റവ.ഫാ.ജെറിജേക്കബ്, ജോജി കാവനാൽ,  മാത്യൂസ് മഞ്ച, വിപിൻ രാജ്–സെന്റ് മേരീസ് ചർച്ച് വാഷിംഗ്ടൺ ഡി.സി. ജോബി മാത്യൂ(സെന്റ് തോമസ് ചർച്ച്, ബാൾട്ടിമോർ)

ഫിനാൻസ്: ജോജി കാവനാൽ, മാത്യൂസ് മഞ്ച, ജിനു മടത്തിൽ, ജെയിസ് ജോർജ്(സെന്റ് ജോർജ് ചർച്ച്, കാർടോററ്റ്, ന്യൂജേഴ്സി)

പബ്ലിസിറ്റി: റവ.ഫാ.പോൾ തോട്ടക്കാട്ട്, ജോർജ് കറുത്തേടത്ത്, വിജോ കുര്യൻ(കാനഡ), റജിസ്ട്രേഷൻ, ജോജി കാവനാൽ, വിപിൻരാജ്(സെന്റ് മേരീസ് ചർച്ച്, വാഷിംഗ്ടൺ ഡി.സി.), ജോജി മാത്യൂ(സെന്റ് തോമസ് ചർച്ച്, ബാൾട്ടിമോർ), റിബ ജേക്കബ്(സെന്റ് പീറ്റേർസ് കത്തീഡ്രൽ, ഫിലാഡൽഫിയ)

പ്രിപേറിംഗ് പ്രോഗ്രാം: റവ.ഫാ.പോൾ തോട്ടക്കാട്ട്, ജിമ്മി ജേക്കബ്(സെന്റ്. പീറ്റേഴ്സ് കത്തീഡ്രൽ, ഫിലാഡൽഫിയ)

ഫുഡ്, റീഫ്രഷ്മെന്റ്, സ്നാക്ക്സ്: കമാൻഡർ വർഗീസ് ചാമത്തിൽ, വിപിൻ രാജ്(സെന്റ് മേരീസ് ചർച്ച്, വാഷിംഗ്ഡൺ ഡി.സി.)

ട്രാൻസ്പോർട്ടേഷൻ: മാത്യൂസ് മഞ്ച, റവ.ഫാ.ഷേർളി മാത്തായി ടു കോർഡിനേറ്റ് വിത്ത് സെന്റ് തോമസ് ചർച്ച്. ബാൾട്ടിമോർ യൂത്ത്, ഫാ.അഭിലാഷ് ഏലിയാസ്

ഹോളി കുർബാന: മാത്യൂസ് മഞ്ച, ഫാ.ഫാ.അഭിലാഷ് ഏലിയാസ്. സ്റ്റേജ്: ഷോമി മാത്യു, ടൈം മാനേജ്മെന്റ്: ഷോമി മാത്യൂ. ക്വൊയർ: റവ.ഫാ. ഷേർളി മത്തായി. കൾച്ചറൽ പ്രോഗ്രാം: ജോജി കാവനാൽ, വർഗീസ് പാലമലയിൽ. പ്രൊസഷൻ: റവ.ഫാ.പി.സി. കുര്യാക്കോസ്. ഫോട്ടോസെഷൻ: റവ.ഫാ.പി.സി. കുര്യാക്കോസ്. സ്റ്റേജ് റെക്കഗ്നിഷൻ: ജിനു മടത്തിൽ, ചെറിയാൻ ജേക്ക്ബ്, ജിൻസ് മാത്യൂ. ഔട്ട് ഡോർ സ്പോർട്സ്: ഷോമി മാത്യൂ, ജിൻസ് മാത്യൂ.

സെക്യൂരിറ്റി: വർഗീസ് പാലമലയിൽ, ഷോമി മാത്യൂ. മെഡിക്കൽ എമർജൻസി:മീന ജോയി(സെന്റ് മേരീസ് ചർച്ച്, മിസ്സിസ്സാഗ, കാനഡ), ജെയിംസ് ജോർജ്(സെന്റ് ജോർജ് ചർച്ച്, കാർറ്ററ്റ്).

ഡെലിഗേറ്റ് മീറ്റിംഗ് : റവ.ഫാ. മനു മാത്യൂ, കമാൻഡർ, വർഗീസ് ചാമത്തിൽ, ലൈജു ജോർജ്. ഓഡിയോ/ വീഡിയോ/ സ്റ്റേജ് ലൈറ്റിംഗ് : റവ.ഫാ. ജെറി ജേക്കബ്, ജോജി കാവനാൽ, ജിനു മടത്തിൽ, സ്പിരിച്ച്വൽ ഓർഗനൈസേഷൻസ്, ഷോമി മാത്യു

സ്പോൺസർഷിപ്പ്: ജോജി കാവനാൽ, ഏഷ്യാനെറ്റ് അവാർഡ്സ്: റവ.ഫാ.ജെറി ജേക്കബ്, ജോജി കാവനാൽ

പ്രിന്റിംഗ് : റവ.ഫാ.ജെറി ജേക്കബ്, ജിനു മടത്തിൽ. വിബിഎസ്: മീന ജോയി, സാറ പോൾ.

സഭാംഗങ്ങളുടെ ആത്മീയ ഉന്നമനവും കുടുംബങ്ങൾ തമ്മിലുള്ള പരസ്പര സഹകരണവും, സഹവർത്തിത്വവും വർദ്ധിപ്പിക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളെ മുൻനിർത്തി നടത്തപ്പെടുന്ന ഈ കുടുംബ സംഗമത്തിൽ, അമേരിക്കയിലെയും, കാനഡയിലെയും, വിവിധ ദേവാലയങ്ങളിൽ നിന്നുമായി നൂറുകണക്കിന് വിശ്വാസികൾ പങ്കുചേരും.

മുതിർന്നവർക്കും യുവജനങ്ങൾക്കും സ്ത്രീകൾക്കുമായി പ്രത്യേകം സെമിനാറുകൾ, ചർച്ചാക്ലാസുകൾ, ധ്യാനയോഗങ്ങൾ തുടങ്ങി, വിവിധ പ്രോഗ്രാമുകൾ ഉൾപ്പെടുത്തി നാലു ദിവസങ്ങളിലായി നടത്തപ്പെടുന്ന ഈ സംഗമത്തിൽ, ഭദ്രാസനത്തിലെ സണ്ടേസ്ക്കൂളുകളിൽ ഇരുപത്തിയഞ്ചോ, അതിലധികമോ വർഷങ്ങൾ സേവനമനുഷ്ഠിച്ച അദ്ധ്യാപകരെ, കോൺഫറൻസിൽ വെച്ച് ആദരിക്കുന്നതാണ്. അതുപോലെ പത്താം ക്ലാസ്സിലെ വാർഷീക പരീക്ഷയിൽ, ഡിസ്റ്റിക്ഷൻ വാങ്ങി മികവ് തെളിയിച്ച വിദ്യാർത്ഥികളെ ആദരിക്കുന്നുവെന്നതും ഈ വർഷത്തെ കുടുംബ സംഗമത്തിന്റെ സവിശേഷതകളാണ്.

കോൺഫറൻസിന്റെ ആദ്യദിനമായ 16-ാം തീയതി(ബുധൻ) ഉച്ചക്കുശേഷം വിവിധ ദേവാലയങ്ങളെ പ്രതിനിധീകരിച്ചുള്ള 'പള്ളി പ്രതി പുരുഷയോഗം' അഭിവന്ദ്യ ഇടവക മെത്രാപോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടും.

കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി അശ്രാന്ത പരിശ്രമം നടത്തുന്ന ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ബഹുമാനപ്പെട്ട വൈദീകർ, മറ്റു ഭക്തസംഘടനാ പ്രവർത്തകർ തുടങ്ങിയവരെയൊക്കെ അഭിനന്ദിക്കുന്നതായും, സഭാംഗങ്ങളേവരേയും, ഈ കുടുംബ സംഗമത്തിലേക്ക് ഹാർദ്ദവമായി ക്ഷണിക്കുന്നതായും, അഭിവന്ദ്യ മെത്രാപോലീത്താ അറിയിച്ചു.

അമേരിക്കൻ മലങ്കര അതിഭദ്രാസന പി.ആർ.ഒ. കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.




JOYFUL
HOME CARE
Caring for your loved ones with a joyful spirit
With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us
Joy Mekkatte
CEO
631-737-1000
SERVING SUFFOLK, NASSAU & QUEENS COUNTY
ഒരു മലയാളി സ്ഥാപനം
MAIN OFFICE:
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com
QUEENS OFFICE:
201-16 Hillside Ave, Hollis, NY 11423

# ഹ്യൂസ്റ്റനിൽ അജപാലന കേന്ദ്രത്തിന്റെ ധനശേഖരണം വൻ വിജയമായി



**ബിബി തെക്കനൊട്ട്**

ഹ്യൂസ്റ്റൺ: സെന്റ്. മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിൽ നിർമ്മിക്കപ്പെടുന്ന അജപാലനകേന്ദ്രത്തിന്റെ ധനസമാഹരണത്തിന് അതിഗംഭീരമായ തുടക്കം.

കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം ധനസമാഹരണ ഉൽഘാടന കർമ്മം നിർവഹിച്ചു.

ഞായറാഴ്ച രാവിലെ ദൈവാലയ കവാടത്തിൽ അഭിവന്ദ്യ പിതാവിന് ഇടവകയുടെ സ്വീകരണം നൽകി. തുടർന്ന് നടന്ന വിശുദ്ധ കുർബാന അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിക്കപ്പെട്ടു. വികാരി ഫാ.ഏബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, എന്നിവർ സഹകാർമികരായിരുന്നു.

വിശുദ്ധ കുർബാനയ്ക്കു ശേഷം ധനസമാഹരണത്തിന്റെ ഔദ്യോഗികമായ ഉത്ഘാടനം നിർവഹിച്ചു. മെഗാ സ്പോൺസർമാരായ തയ്യിൽ പുത്തൻപുരയിൽ ജായിച്ചൻ & തെരേസ , മറുതാച്ചിക്കൽ സുമൻ & ബീന , ഇല്ലിക്കാട്ടിൽ ലീലാമ്മ, പാട്ടപ്പതി ജോയ് & ബിബിയ 'എന്നിവർ ആദ്യ ഗഡു നൽകി. തുടർന്ന് മറ്റ് ഇടവകാംഗങ്ങൾ എല്ലാവരും ഈ മംഗള കർമ്മത്തിന് സജീവ പങ്കാളികളായി.



പാരിഷ് എസ്സിക്യൂട്ടീവ് അംഗങ്ങളായ ജായിച്ചൻ തയ്യിൽപുത്തൻപുരയിൽ,ഷാജുമോൻ മുകളേൽ, ബാബു പറയംകലയിൽ, ജോപ്പൻ പൂവപ്പാടത്ത്, ജെയിംസ് ഇടുക്കുതറയിൽ ജോസ് പുളിക്കത്തൊട്ടിയിൽ, ടോം വിരിപ്പൻ, സിസ്റ്റർ.റെജി എസ്.ജെ.സി., ബിബി തെക്കനാട്ട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ഈ ദൈവിക നിയോഗത്തിനു സജീവമായ സാമ്പത്തിക സഹായം നൽകി സഹകരിച്ച എല്ലാവർക്കും വികാരി ഫാ.ഏബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, എന്നിവർ ദൈവനാമത്തിൽ നന്ദി രേഖപ്പെടുത്തി.












CELEBRATING 30 Service & Commitment
Blue Ocean
Wealth Solutions
A member of the MassMutual Financial Group
Philipose Samuel
I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals
BUSINESS NEEDS
PERSONAL NEEDS
Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements
Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs
Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*
Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance
Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning
Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies
MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998
Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283
Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# 2027 കെ.എച്ച്.എൻ.എ. കൺവൻഷനായി ഫ്ലോറിഡയിലെ എല്ലാ ഹിന്ദു സംഘടനകളും ഒറ്റക്കെട്ടായി മുന്നോട്ട്


**സുരേഷ്  നായർ / ബിനീഷ് വിശ്വം / അരുൺ ഭാസ്കർ**

ഹൈന്ദവ ദർശനങ്ങളും ഭാരതീയ മൂല്യങ്ങളും അമേരിക്കൻ ഐക്യനാടുകളിൽ പ്രചരിപ്പിക്കാൻ 25 വർഷങ്ങൾക്കു മുൻപ് സ്വർഗീയ സ്വാമി സത്യാനന്ദ സരസ്വതിയുടെ അനുഗ്രഹാശിർവാദത്തോടെ രൂപം കൊണ്ട കെ.എച്ച്.എൻ.എ.യുടെ പതിനാലാമതു കൺവെൻഷൻ നടത്തുവാൻ അമേരിക്കയിലെ കേരളമെന്ന് മലയാളികൾ വിശേഷിപ്പിക്കുന്ന, നമ്മുടെ സ്വപ്നഭൂമിയും സമുദ്രതീര വിനോദ കേന്ദ്രങ്ങളുടെ കേദാര ഭുമിയുമായ ഫ്ലോറിഡയിലെ വിവിധ ഹിന്ദു സംഘടനകൾ തയ്യാറെടുക്കുന്നു. 2013 ൽ ആണ് ഇതിനു മുൻമ്പ് ശ്രീ ആനന്ദൻ നിരവേൽ, ശ്രീ സുരേഷ് നായർ, ശ്രീ വിനോദ് നായർ എന്നിവരുടെ നേതൃത്വത്തിൽ സൗത്ത് ഫ്ലോറിഡയിലെ മയാമിയിൽ വച്ച് KHNA കൺവെൻഷൻ നടന്നത്. ഓരോ കൺവെൻഷനുകളും പുതിയ നഗരങ്ങളിലേക്ക് വരണമെന്നുള്ള സത്യാനന്ദ സരസ്വതി സ്വാമിജിയുടെ നിർദ്ദേശാനുസരണം സെൻട്രൽ ഫ്ലോറിഡയിലെ പ്രമുഖ നഗരമായ ഒർലാണ്ടോയിൽ വെച്ച് കൺവെൻഷൻ നടത്തുവാനാണ് ഫ്ലോറിഡയിലെ ഹിന്ദു സംഘടന പ്രതിനിധികൾ സംയുക്തമായി നിർദ്ദേശിച്ചത്. അമേരിക്കയിലെ തന്നെ ഏറ്റവും നല്ല വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായ ഒർലാണ്ടോയിൽ താരതമ്യേന കുറഞ്ഞ രെജിസ്ട്രേഷൻ ഫീസിലും കുറഞ്ഞ വിമാന ടിക്കറ്റിലും അമേരിക്കയിൽ എമ്പാടുമുള്ള ഹിന്ദു മലയാളികൾക്ക് ഒത്തു ചേരാനുള്ള അസുലഭ അവസരമൊരുക്കുക എന്നതാണ് ഫ്ളോറിഡയിലുള്ള സംഘാടക സമിതി ലക്ഷ്യമിടുന്നത്. ഒർലാണ്ടോയിൽ നടത്തുന്ന ഹൈന്ദവ സംഗമം കുടുംബ പങ്കാളിത്തം കൊണ്ടും കാര്യപരിപാടികൾ കൊണ്ടും ഏറ്റവും മികച്ചതായിരിക്കും അതിന്റെ ആവേശത്തിലാണ് ഫ്ളോറിഡയിലെന്പാടുമുള്ള ഹിന്ദു അസോസിയേഷനുകളും പ്രവർത്തകരും.

ഈ കഴിഞ്ഞ ഫെബ്രുവരിയിൽ 22 ന് KHNA യുടെ സിൽവർ ജൂബിലി കൺവെൻഷൻ ''വിരാട് 25'' ന് മുന്നോടിയായി നടന്ന KHNA ഫ്ലോറിഡ റീജിയണൽ ശുഭാരംഭത്തിൽ 600ൽ പരം ഫ്ലോറിഡയിലെ ഹിന്ദു കുടുബാംഗങ്ങളെയും ഹൈന്ദവ സംഘടനാ പ്രവർത്തകരെയും പങ്കെടുപ്പിച്ചു വിജയിപ്പിച്ചതും, KHNAയുടെ ഗ്ലോബൽ ഹിന്ദു കൺവെൻഷന്റെ വിളംബരമാക്കാൻ ഫ്ലോറിഡയിലെ ഹൈന്ദവ സംഘടനാ പ്രവർത്തകർക്കുസാധിച്ചിച്ചിരുന്നു. രാവിലെ 11 മണി മുതൽ വെകുന്നേരം 7 .30 വരെ തുടർച്ചയായ പരിപാടികളോടെ നടത്തിയ റീജിയണൽ ശുഭാരംഭത്തിന്റെ വിജയം പകർന്നു നൽകിയ ആത്മവിശ്വാസം ഫ്ലോറിഡയിലെ മുഴുവൻ ഹിന്ദു അസ്സോസിയേഷനുകളെയും (Kerala Hindus of South Florida, Ayyappa Bhajan of osuth Florida, Asosciation of Tampa Hindu malayalee, Orlando Hindu Malayalee, Jackosnville Malayalee Hindus) പ്രവർത്തകരെയും ആവേശഭരിതരാക്കുകയും കൺവെൻഷനായി മുന്നിട്ടിറങ്ങി പ്രവർത്തിക്കാൻ കൂടുതൽ ഊർജ്ജം പകർന്നു നൽകുകയും ചെയ്തു.

2027 ലെ KHNAയുടെ കൺവെൺവെൻഷനിൽ അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ലോറിഡ പരമ്പരാഗത ആചാരങ്ങൾ വറ്റാതെ പുനരാവിഷ്കരിക്കുന്നതോടൊപ്പം വിനോദ സഞ്ചാരത്തിനും മികച്ച അവസരമൊരുക്കും. റ്റാമ്പാ അയ്യപ്പക്ഷേത്രവും, ഒർലാണ്ടോയിലുള്ള ഒഴിവുകാല വിനോദ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം മയാമി, കീ വെസ്റ്റ് ബീച്ചുകളും, ആഡംബരകപ്പൽ യാത്രയുടെ മനോഹാരിതയും ആസ്വദിച്ചു മടങ്ങുന്നതിനും ഗഖചഅ സെൻട്രൽ ഫ്ലോറിഡാ കൺവെൻഷനിലൂടെ എല്ലാവർകും സാധ്യമാകും.

2027 ൽ നടക്കാനിരിക്കുന്ന കൺവെൻഷന്റെ വിജയത്തിനായി ആസൂത്രിതമായ പദ്ധതികൾ ഇതിനകം തന്നെ രൂപംകൊണ്ടു തുടങ്ങി. മാർഗനിർദ്ദേശത്തിനും, പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നതിനായി മെമ്പർമാരുടെയും നിലവിലെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെയും, ബോർഡ് ഓഫ് ട്രസ്റ്റീസിന്റെയും, റീജിയണൽ വൈസ് പ്രസിഡന്റ്മാരുടെയും, സ്റ്റേറ്റ് കോർഡിനേറ്റർമാരുടെയും അങ്ങേയറ്റം പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ഒരു ടീമാണ് ഇതിനകം സജ്ജമായിരിക്കുന്നു. അമേരിക്കൻ ഹിന്ദു സമൂഹത്തിന് അഭിമാനിക്കുവാൻ കഴിയുന്ന കൺവെൻഷനും രണ്ടു വർഷത്തെ പ്രവർത്തനങ്ങളും ഉറപ്പു നൽകിക്കൊണ്ട് കെ എച് എൻ എ അംഗങ്ങളുടെ സഹായവും പിന്തുണയും ഫ്ലോറിഡാ ഹിന്ദു സംഘടനകൾ ഒറ്റക്കെട്ടായി അഭ്യർത്ഥിക്കുന്നു. 2025 ആഗസ്ത് 17 മുതൽ 20 വരെ അറ്റ്ലാന്റിക് സിറ്റിയിൽ നടക്കുന്ന വിരാട് 25 കൺവെൻഷനിൽ എല്ലാവരും പങ്ചേരണമെന്ന് ഇതോടൊപ്പം അഭ്യർത്ഥിക്കുന്നു.


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# ഐഒസി – ഒഐസിസി ലയനം കോൺഗ്രസിനെ ശക്തിപ്പെടുത്തും: സാം പിട്രോഡ



ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി-യുഎസ്എ) വൈസ് ചെയർമാനും ഐഒസി - ഒഐസിസി ഏകോപന സമിതി ചെയർമാനുമായ ജോർജ് എബ്രഹാമും മഹാദേവൻ വാഴശ്ശേരിയും (ഐഒസി-ഒഐസിസി ഏകോപനസമിതി അംഗം) ഐഒസി ചെയർമാൻ സാം പിട്രോഡയുമായി ചിക്കാഗോയിലെ വസതിയിൽ ഐഒസി കേരള ചാപ്റ്റർ കൈവരിച്ച പുരോഗതിയെക്കുറിച്ചും ഒഐസിസിയുടെ ലയനത്തെക്കുറിച്ചും ചർച്ച ചെയ്തു. ജോർജ് എബ്രഹാം, മഹാദേവൻ വാഴശ്ശേരി, ജോയ്കുട്ടി കൊച്ചാട്ട് എന്നിവരടങ്ങുന്ന കമ്മിറ്റി ലയനത്തിനായി രൂപീകരിച്ചിട്ടുണ്ട്.

'നമ്മുടെ കമ്മ്യൂണിറ്റിയെ കോൺഗ്രസ് പാർട്ടിയുടെ ഉന്നമനത്തിനായി ചേർത്തുനിർത്താനുള്ള ശ്രമത്തിൽ ഐഒസി വിജയിച്ചു. നമ്മുടെ മാതൃരാജ്യത്ത് നെഹ്രുവിയൻ തത്വങ്ങളായ ജനാധിപത്യം, സ്വാതന്ത്ര്യം, ബഹുസ്വരത, വ്യക്തിസ്വാതന്ത്ര്യം എന്നിവയ്ക്ക് പിന്തുണ ലഭിക്കേണ്ടതുണ്ട്, പ്രവാസികളും അതിനായി പ്രതിജ്ഞാബദ്ധരാണ്.അത് ക്രമേണ നമ്മുടെ പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രചോദനമാകും.'ജോർജ് എബ്രഹാം അഭിപ്രായപ്പെട്ടു.

'ലയനവുമായി ബന്ധപ്പെട്ട് ധാരാളം തയ്യാറെടുപ്പ് ആവശ്യമാണ്. അമേരിക്ക, യൂറോപ്പ് തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കോൺഗ്രസ് പാർട്ടി അനുകൂലികൾ ലയനത്തെ സ്വാഗതം ചെയ്തത് ശരിക്കും അഭിനന്ദനാർഹമാണ്. ഞങ്ങൾ ഇപ്പോഴും ഇതിനായി പ്രവർത്തിച്ചുവരികയാണ്. എല്ലാവരും ഇതിൽ സഹകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.'മഹാദേവൻ വ്യക്തമാക്കി.

'ഒരുമിച്ച് പ്രവർത്തിക്കുന്നതിലെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കാൻ ഞങ്ങൾ കഠിനമായി പരിശ്രമിച്ചു. അവരുടെ പ്രചോദനങ്ങൾ വ്യക്തിപരമായും കൂട്ടായും ചർച്ച ചെയ്യുകയും ഒടുവിൽ അവരെയെല്ലാം ഒരുമിച്ച് കൊണ്ടുവരുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്തു.മിഡിൽ ഈസ്റ്റിൽ സാംസ്കാരിക സംഘടനകളാണ് കൂടുതൽ എന്നതുകൊണ്ട് ആദ്യം അമേരിക്ക,യുകെ,കാനഡ,ജർമ്മനി പോലുള്ള രാജ്യങ്ങളിലെ പാർട്ടി സംഘടനകളാണ് ലയിക്കുന്നത്.

കമ്മിറ്റിയുടെ ശുപാർശ എല്ലാവരും അംഗീകരിച്ചു എന്ന് അറിയിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.' പിട്രോഡ പറഞ്ഞു.

ആഗോളതലത്തിലെ ലയനത്തിൽ പിട്രോഡ വ്യക്തിപരമായി നടത്തിയ ചർച്ചകൾക്കും മികച്ച പിന്തുണയാണ് ലഭിച്ചത്. ഒറ്റയടിക്ക് സാധിക്കില്ലെങ്കിലും ഓരോരുത്തരുടെയും പ്രശ്നങ്ങൾ ഘട്ടംഘട്ടമായി പരിഹരിക്കുമെന്നും അദ്ദേഹം ഉറപ്പ് നൽകി.

കേരളത്തിൽ ഈ മാസം നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പ് കോൺഗ്രസ് പാർട്ടിക്ക് നിർണായകമാണെ.ന്നും പിട്രോഡ ഓർമ്മപ്പെടുത്തി.

ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരിക്കെ അദ്ദേഹവുമായി ചേർന്ന് പ്രവർത്തിച്ചതും പിട്രോഡ അനുസ്മരിച്ചു.സ്മാർട്ട് സിറ്റി,മെട്രോ,തുറമുഖം,ടൂറിസം വികസനം പോലുള്ളവയ്ക്ക് ഉമ്മൻ ചാണ്ടി പ്രവർത്തിച്ചതും അദ്ദേഹം ഓർമ്മിച്ചു.അവയൊക്കെ ഇന്ന് പൂർത്തിയാകാതെ കിടക്കുന്നത് പിട്രോഡ കുറ്റപ്പെടുത്തി.ലോകത്തിന്റെ നാനാഭാഗത്തും കേരളത്തിൽ നിന്നുള്ള പ്രവാസികൾ ഉള്ളതുകൊണ്ട് അവരുടെ പിന്തുണ ഇലക്ഷനിൽ സഹായകമാകുമെന്ന് ചെയർമാൻ പ്രത്യാശ പ്രകടിപ്പിച്ചു.അത് കണക്കിലെടുത്താണ് ലയനം തിരഞ്ഞെടുപ്പിന് മുൻപ് നടത്തുന്നതെന്നും പിട്രോഡ വ്യക്തമാക്കി.രാജീവ് ഗാന്ധിയാണ് കോൺഗ്രസ് പാർട്ടിക്കുവേണ്ടി പ്രവർത്തിക്കാൻ പ്രചോദനമായതെന്നും പിട്രോഡ പറഞ്ഞു.വിവാദങ്ങളും നുണകളും ഇന്ത്യയിൽ വളരെവേഗത്തിൽ പ്രചരിപ്പിക്കാൻ സാധിക്കുന്നതുകൊണ്ടാണ് രാജീവ് ഗാന്ധി കോൺഗ്രസിലെ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട നേതാവായതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.നിലവിലെ സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ കാര്യങ്ങൾ കോൺഗ്രസിനെതിരെ പ്രചരിക്കുന്നതും അദ്ദേഹം ചൂണ്ടിക്കാട്ടി.മാധ്യമങ്ങളിൽ കാണുന്നതല്ല സത്യമെന്നും യാഥാർഥ്യം അറിയാൻ ജനങ്ങൾ ശ്രമിക്കുന്നില്ലെന്നും പിട്രോഡ കുറ്റപ്പെടുത്തി.മൻമോഹൻ സിംഗ് ഉൾപ്പെടെ കോൺഗ്രസിൽ നിന്നുള്ള പ്രധാനമന്ത്രിമാർ തങ്ങളെ പ്രൊമോട്ട് ചെയ്യാനല്ല മറിച്ച് രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനാണ് ഊന്നൽ നൽകിയതെന്നും ചെയർമാൻ തുറന്നടിച്ചു.പൊതുജനത്തിന്റെ പണം അതിനുള്ളതല്ലെന്നും പിട്രോഡ കൂട്ടിച്ചേർത്തു.ടെലികമ്മ്യൂണിക്കേഷൻ അടക്കം പല മേഖലകളിലും തന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സാധിക്കാതെയാണ് രാജീവ് ഗാന്ധി വിടവാങ്ങിയതെന്ന് മഹാദേവൻ ഓർമ്മിച്ചു.

INDIAN OVERSEAS CONGRESS

താൻ വിതച്ച വിത്തുകൾ മരമാകുന്നതും അതിൽ ഫലമുണ്ടാകുന്നതും കാണാൻ രാജീവ് ഗാന്ധിക്ക് സാധിച്ചില്ലെന്ന് പിട്രോഡയും പറഞ്ഞു.

'രാജീവ് ഗാന്ധിയുടെ സമയത്ത് ഇന്ത്യയിൽ 2 മില്യൺ ടെലിഫോൺ ഉണ്ടായിരുന്നതാണ് ഇന്ന് 1.5 ബില്യൺ ആയിരിക്കുന്നത്.സോഫ്റ്റ്വെയർ രംഗത്തായാലും വാക്സിൻ ഉത്പാദനത്തിലായാലും നമ്മുടെ രാജ്യം വലിയ കുതിപ്പ് കൈവരിച്ചു.ഒരു കമ്പനി രൂപപ്പെടുത്തുന്നതും രാഷ്ട്രത്തെ രൂപപ്പെടുത്തുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. രാഷ്ട്രത്തിന്റെ വളർച്ച മുന്നിൽ കണ്ട് വിത്ത് പാകുമ്പോൾ, അതിന് വലിയ കാത്തിരിപ്പ് വേണ്ടിവരും. അത് വൃക്ഷമാകുന്നതോ അതിൽ നിന്ന് തണലും ഫലവും ലഭിക്കുന്നതും കാണാൻ ആ വ്യക്തി ഉണ്ടാകണമെന്നുമില്ല. 'അൺഫിനിഷ്ഡ് അജണ്ട ഓഫ് രാജീവ് ഗാന്ധി' എന്നൊരു പുസ്തകത്തിന്റെ പണിപ്പുരയിലാണ് പിട്രോഡ. അതിൽ കൂടുതൽ വിവരങ്ങൾ നമുക്ക് പ്രതീക്ഷിക്കാം. രാജീവ് ഗാന്ധി ജീവനോടെ തിരികെ വന്ന് ഇന്നത്തെ ഇന്ത്യ കാണുന്നതും രാജ്യത്ത് എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരും എന്നതുമായ ചിന്തയാണ് പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ജനാധിപത്യത്തെ പൂർവ്വ സ്ഥിതിയിൽ കൊണ്ടുവരികയും മാധ്യമ സ്വാതന്ത്ര്യം ഉറപ്പാക്കുകയും ചെയ്യുന്നതായിരിക്കും ആദ്യത്തെ നീക്കം. പിന്നീട് ഡിജിറ്റൽ ഇന്ത്യ, ഫാർമസ്യൂട്ടിക്കൽസ്,റയിൽവെ പോലുള്ള രംഗങ്ങളിലെ വികസനം വിലയിരുത്തും.എവിടെയൊക്കെയാണ് ശ്രദ്ധ വേണ്ടതെന്ന് മനസ്സിലാക്കി വിടവുകൾ അടയ്ക്കും. വിദ്യാഭ്യാസം ചിലവേറിയതാണെന്ന് മനസ്സിലാക്കി, അതിനൊരു പോംവഴി കണ്ടെത്തും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പാർപ്പിടം ഒരുക്കാനും കാർഷിക രംഗത്ത് പുരോഗതി,റോഡ് കൊണ്ടുവരാനും പ്രതിരോധ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്,ബയോടെക്, ജെനെറ്റിക്സ്,നാനോടെക്നോളജി ഉൾപ്പെടെ എല്ലാ ശാസ്ത്ര സാങ്കേതിക ഇൻസ്റ്റിറ്റ്യൂഷനുകളെയും മെച്ചപ്പെടുത്താനും ആവശ്യമായതൊക്കെ ചെയ്യും. ചൈനയുടെ മുന്നേറ്റത്തിന്റെ ഘടകങ്ങൾ വിശദമായി പരിശോധിക്കും. വിദേശനയങ്ങളിലും അദ്ദേഹത്തിന്റേത് വ്യത്യസ്തമായ കാഴ്ചപ്പാടായിരിക്കും.2027 ആകുമ്പോൾ ലോകത്തെ ഏറ്റവും മികച്ച ഒന്നാമത്തെയോ രണ്ടാമത്തെയോ രാജ്യം എന്ന നിലയിലെത്താൻ കഴിവുള്ള രാജ്യമാണ് ഇന്ത്യ.അത് സാധ്യമാകേണ്ടത് താഴെത്തട്ടിലുള്ളവരെ ഉയർത്തിക്കൊണ്ടുവരുന്നതിലൂടെയാണ്.കൂടുതൽ ബില്യണെയർമാരെ സൃഷ്ടിക്കുന്നതിലൂടെയല്ല.കർമ്മരംഗത്തോടും രാഷ്ട്രത്തിനോടും പ്രതിബദ്ധതയുള്ളവരെയാണ് നമുക്ക് വേണ്ടത്, രാഷ്ട്രീയ പാർട്ടിയോട് വിധേയത്വം പുലർത്തുന്നവരെയല്ല. രാജ്യത്തിലെ ജനങ്ങളോടായിരിക്കണം പ്രഥമ പരിഗണന,പാർട്ടിയോടല്ല.വൈസ് ചാൻസലർമാരായി ആർഎസ്എസ് അനുഭാവികൾ മാത്രം നിയമിതരാകുന്ന പ്രവണതയിൽ മാറ്റം വരണം. അതാത് രംഗത്തെ കഴിവ് അടിസ്ഥാനപ്പെടുത്തി നിയമനങ്ങൾ നടത്തുന്നതിന് നിയമം കർശനമാക്കണം.ജനങ്ങൾ തുറന്നുസംസാരിക്കാൻ ഭയപ്പെടുന്ന അവസ്ഥ ജനാധിപത്യത്തിന് ഭൂഷണമല്ല.വോട്ട് ചെയ്യും മുൻപ് ഓരോ പൗരനും ചിന്തിക്കേണ്ടത് അവനവന്റെയും കുടുംബത്തിന്റെയും സ്വാതന്ത്ര്യത്തിന് ഏറ്റവും മികച്ചത് എന്താണെന്നായിരിക്കണം. മികച്ചത് തിരഞ്ഞെടുക്കുക എന്നത് പ്രധാനമാണ്.' സാം പിട്രോഡ വിശദീകരിച്ചു.

ഐഒസിയുടെ ലയനത്തിനായി കമ്മിറ്റി ഇതുവരെ നടത്തിയ എല്ലാ ശ്രമങ്ങളെയും പിട്രോഡ അഭിനന്ദിച്ചു.ഇന്ത്യൻ ഓവർസീസ് കമ്മിറ്റിയുമായി ചേർന്ന് കേരളത്തിൽ നിന്നുള്ള പ്രവാസികളായ കോൺഗ്രസുകാർ നടത്തുന്ന പ്രവർത്തനങ്ങൾ മികച്ചതാണെന്നും അതിന്റെ ലയനം ഉൾപ്പെടെ വ്യക്തിപരമായി താൻ ആവശ്യപ്പെട്ടതാണെന്നും പിട്രോഡ അഭിപ്രായപ്പെട്ടു.ഇക്കാര്യം രാഹുൽ ഗാന്ധി ഉൾപ്പെടെ കോൺഗ്രസിലെ സമുന്നത നേതാക്കളെ അറിയിച്ചതായും ചെയർമാൻ കൂട്ടിച്ചേർത്തു.കുറച്ചുകാലതാമസം വന്നെങ്കിലും എല്ലാം ഭംഗിയായി നടക്കുന്നുണ്ടെന്നും പിട്രോഡ പറഞ്ഞു. ഒരേ ലക്ഷ്യമുള്ളവർ ഒന്നിച്ചുപ്രവർത്തിക്കേണ്ട ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു.

# അച്ഛൻ ഒരു ഭീകര ജീവിയാണ്



ശ്രീകുമാർ ഉണ്ണിത്താൻ

അച്ഛനു വേണ്ടിയൊരു ദിവസം- ലോകപിതൃദിനം. നമ്മുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകി പുതിയ ഒരു ലോകത്ത് പറന്നുയരുമ്പോൾ നന്ദിയും കടപ്പാടും സ്നേഹവും ബഹുമാനവും നൽകാൻ ഈ ജീവിതം തന്നെ മതിയാവില്ല... അത്രത്തോളമുണ്ട് നമുക്ക് നമ്മുടെ അച്ഛനോടുള്ള കടപ്പാട് .

ഓരോ വ്യക്തിയുടെയും ജീവിതത്തിൽ അവരുടെ പിതാവിന്റെ സ്വാധീനവും പ്രചോദനവും വിലമതിക്കാൻ ആവാത്തതാണ് . കുട്ടിക്കാലത്തു അച്ഛൻ പകർന്നു നൽകുന്ന സ്നേഹവും സുരക്ഷിതത്വവും ആണ് ഭാവിയിൽ ലോകത്തെ നേരിടാനുള്ള കരുത്തു പകരുന്നത്. എത്രയൊക്കെ പ്രരിശ്രമിച്ചു ജീവിതത്തിൽ വിജയം കൊയ്താലും അതിന്റെ പിന്നിൽ നമ്മെ നാം ആക്കിയ ഒരാൾ കാണും. മിക്ക വീടുകളിലും അത് ആ വീട്ടിലെ ഗൃഹനാഥനായ അച്ഛൻ തന്നെ ആയിരിക്കും. നമ്മുടെ കൂടെ എന്നും കാണും എന്നുറപ്പുള്ള രണ്ട് പേരെ ഉള്ളൂ ജീവിതത്തിൽ. അത് നമ്മുടെ അച്ഛനും അമ്മയും മാത്രമായിരിക്കും. അമ്മയുടെ ത്യാഗത്തിനും സ്നേഹത്തിനുമൊപ്പം അച്ഛന്റെ വിയർപ്പും കഷ്ടപ്പാടും കൂടി ചേരുമ്പോഴാണ് ഓരോ കുഞ്ഞുങ്ങളുടെയും ജീവിതം ധന്യമാകുന്നത്. ഓരോ കുടുംബവും സന്തുഷ്ടമാകുന്നതും.

അച്ഛന്റെ സ്നേഹവാത്സല്യങ്ങളെ മനസ്സിൽ നിറക്കുന്ന ഓർമ്മകൾക്ക് ഇന്നും ബാല്യം. കാലങ്ങൾ കടന്ന് ഞാനും ഒരച്ഛന്റെ ഉത്തരവാദിത്വങ്ങൾ അറിഞ്ഞു തുടങ്ങിയപ്പോഴാണ് അച്ഛനിൽ നിന്നും അറിഞ്ഞതൊക്കെ എത്ര അർഥവത്തായിരുന്നു എന്ന് മനസ്സിലായത്. ഒരോ വ്യക്തിയുടേയും ജീവിതം പൂർണമാകുന്നതിൽ അച്ഛനന്മാർ വഹിക്കുന്ന പങ്ക് ചെറുതല്ല .അച്ഛനെ പറ്റി ഓർക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ അവർ എന്തായിരുന്നു എന്നല്ല, മറിച്ച് ഓരോ ഘട്ടത്തിലും നമുക്ക് ആരെല്ലാമായി മാറിയിരുന്നു എന്ന് പറഞ്ഞു തുടങ്ങുന്നതായിരിക്കും ശരി. അച്ഛൻ എന്നത് ജന്മ ദാതാവിനുപരി സംരക്ഷണത്തിന്റെ, ആത്മവിശ്വാസത്തിന്റെ, ദൃഢനിശ്ചയത്തിന്റെ പ്രതീകമാണ്.

നമ്മളോട് അധികം ചിരിക്കാത്ത, നമ്മൾ കുറച്ച് ഭയക്കുന്ന അല്ലെങ്കിൽ പേടി തോന്നുന്ന രൂപമാണ് അച്ഛന്റെത്. അച്ഛനെ കണ്ടാൽ നമ്മൾ കളിയെല്ലാം നിർത്തി ഓടി പാഠപുസ്തകത്തിന്റെ മുന്നിൽ വന്നിരിക്കും. അച്ഛൻ അടിച്ചതിന് അമ്മയുടെ നെഞ്ചോട് ചേർന്ന് തേങ്ങിക്കരയുമ്പോൾ ഉള്ളുരുകിയാലും അച്ഛൻ അത് പുറത്തു കാണിക്കാറില്ല. അച്ഛനോട് വെറുപ്പ് തോന്നി കുഞ്ഞ് അമ്മയെ കൂടുതൽ സ്നേഹിക്കുന്നതിൽ സന്തോഷിക്കുന്നതും അച്ഛൻ തന്നെ ആയിരിക്കും. പക്ഷേ ഏവരുടെയും മുന്നിൽ പരുക്കനും കർക്കശക്കാരനുമായി പെരുമാറുമ്പോൾ അച്ഛൻമാർ പൊതുവേ സ്നേഹമില്ലാത്തവർ എന്ന് മക്കൾ വിധിയെഴുതും.

പരുക്കനും കർക്കശക്കാരനുമായ ഒരച്ഛൻ എനിക്കുമുണ്ടായിരുന്നു. വളർച്ചയുടെ ഓരോ പടവുകളിലും ഒരു നിഴൽ പോലെ കൂടെ നിന്ന്, എന്റെ ഓരോ ജയത്തിലും എന്നേക്കാളേറെ സന്തോഷിക്കുകയും തോൽവിയിൽ വേദനിക്കുകയും ചെയ്ത് എന്നും കൈത്താങ്ങായി കൂടെനിന്നു. പക്ഷേ അച്ഛന്റെ കാർക്കശ്യത്തിന്റെ പിന്നിലുള്ള വാത്സല്യവും സ്നേഹവും തിരിച്ചറിയാൻ പലരെപ്പോലെ ഞാനും വൈകിപ്പോയി. ഉള്ളിലുള്ള വാത്സല്യം ചിലപ്പോഴെങ്കിലും പുറമേ പ്രകടിപ്പിടിപ്പിച്ചിരുന്നെങ്കിൽ അച്ഛനെ മനസ്സിലാക്കാൻ ഞാനിത്ര വൈകില്ലായിരുന്നു.



ചില ഓർമ്മകൾ അനുവാദത്തിനൊന്നും കാത്തുനിൽക്കാതെ നമ്മുടെ ഓർമ്മക്കൂട്ടിലേയ്ക്ക് ഇടിച്ചുകയറി വരും. അങ്ങനെ ഒരു ഓർമ്മയാണ് നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഉണ്ടായ ഒരു സംഭവം. അന്നത്തെ ഓണപരിക്ഷക്ക് എന്റെ സുഹൃത്ത് അൻപതിൽ നാൽപത്തി ഒൻപതു മാർക്ക് നേടി. എന്നിട്ടും ടീച്ചർ അവനോട് പറഞ്ഞു നിന്റെ അച്ഛനെ കൊണ്ട് ഉത്തര കടലാസ് ഒപ്പിടിപ്പിച്ചിട്ട് കൊണ്ട് വരണം എന്ന്. സുഹൃത്തു ഉത്തര കടലാസ് അച്ഛന്റെ കൈയിൽ കൊടുത്തു. അച്ഛൻ വളരെ സന്തോഷത്തിലായി. അൻപതിൽ നാൽപത്തി ഒൻപതു മാർക്ക്. ഒരു മാർക്ക് എവിടെ കുറഞ്ഞു എന്ന് നോക്കി ആ അച്ഛൻ അറിയാതെ ചിരിച്ചു പോയി

ചോദ്യം നമ്പർ പത്ത്: ഒരു ഭീകര ജീവിയാണ്?

അവന്റെ ഉത്തരം: അച്ഛൻ ഒരു ഭികര ജീവിയാണ് എന്നായിരുന്നു.... ടീച്ചർ അത് റെഡ് മാർക്കിൽ അടയാളപ്പെടുത്തി. ഈ ഓർമ്മകളൊക്കെയും ഓർക്കാൻ സുഖമുള്ളവയാണ്, പങ്കുവയ്ക്കാൻ രസമുള്ളതും .

ഓരോ കുഞ്ഞിന്റെ ജീവിതത്തിലും അച്ഛന്റെ പ്രാധാന്യം എത്രത്തോളമാണെന്ന് പറഞ്ഞറിയിക്കാനാവില്ല. തന്റെ മക്കൾക്ക് ജീവിതത്തിൽ ഏറ്റവും മികച്ചത് നൽകാനാണ് ഓരോ അച്ഛനും ശ്രമിക്കുന്നത്. എല്ലാ അച്ചന്മാരും അവരുടെ വിഷമങ്ങൾ, പ്രയാസങ്ങൾ ഒക്കെ ഉള്ളിൽ ഒതുക്കി ആയിരിക്കും നമ്മൾക്കുവേണ്ടി ജീവിക്കുന്നത്. പക്ഷേ അവരുടെ വാർധ്യകൃത്തിൽ ഒന്നു ആശ്വസിപ്പിക്കാൻ പല മക്കളും ശ്രമിക്കാറില്ല. പലപ്പോഴും അച്ചനമ്മമാരുടെ ദുഃഖങ്ങൾ കണ്ടതായി പോലും പല മക്കളും നടിക്കാറില്ല.

സമയം ആർക്കുവേണ്ടിയും കാത്തുനിൽക്കാറില്ല എന്ന് പറഞ്ഞത് പോലെ അച്ഛൻ എന്ന വാക്കിന്റെ അർത്ഥം മക്കൾ മനസിലാക്കി വരുമ്പോഴേക്കും ഒരു പക്ഷെ അവർ വാർധ്യകൃത്തിന്റെ പടി കടന്നിട്ടുണ്ടാവാം . അതുമല്ലെങ്കിൽ കാലയവനികക്കുള്ളിൽ മറഞ്ഞിട്ടുണ്ടാവാം.

ഈ പിതൃ ദിനത്തിൽ മാത്രമല്ല, ജീവനുള്ള കാലമത്രയും അച്ഛനെയും അച്ഛന്റെ ഓർമ്മകളെയും ചേർത്തുവച്ചു താലോലിക്കാം .എല്ലാ അച്ഛന്മാർക്കും ഈ ദിനത്തിൽ സ്നേഹാശംസകൾ നേരുന്നു.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഫിലാഡൽഫിയ സീറോമലബാർ പള്ളിയിലെ ബൈബിൾ ജപ്പടി മൽസരം പത്താം വർഷത്തിലേക്ക്




ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: എ. ബി. സി. ന്യൂസ് ചാനലിൽ സംപ്രേഷണം ചെയ്യപ്പെടുന്ന ജനപ്രീയ ജപ്പടിമൽസരത്തിന്റെ മാതൃകയിൽ ബൈബിൾ അതിഷ്ഠിതമാക്കി വിജ്ഞാനം, വിനോദം, ഉന്നത സാങ്കേതികവിദ്യ എന്നിവ സമഞ്ജസമായി സമന്വയിപ്പിച്ച് ഫിലാഡൽഫിയ സീറോമലബാർ പള്ളിയിൽ സണ്ടേസ്കൂൾ കുട്ടികൾക്കായി നടത്തിവരുന്ന ബൈബിൾ ജപ്പടി മൽസരം 10 വർഷങ്ങൾ പൂർത്തിയാക്കി.






ഈ വർഷത്തെ മൽസരം ജൂൺ 1 ഞായറാഴ്ച്ച നടന്നു. ദിവംഗതനായ യു. വി. തോമസ് ഉഴുന്നാലിലിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ മകളും, സീറോമലബാർ പള്ളിയിലെ മതാധ്യാപികയുമായ ജ്യോതി എബ്രാഹത്തിന്റെ കുടുംബമായിരുന്നു പ്രോഗ്രാമിന്റെ സ്പോൺസർ.

ദിവസംതോറും ബൈബിൾ വായിക്കുന്നതിനും, പഠിക്കുന്നതിനുമുള്ള പ്രചോദനം മതബോധനസ്കൂൾ കുട്ടികൾക്ക് നൽകുന്നതിനായി മാസങ്ങൾ നീണ്ടുനിന്ന ബൈബിൾ പഠനവും, ക്വിസ് മൽസരങ്ങളും നടന്നു. വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തെ അടിസ്ഥാനമാക്കി 250 ൽ പരം ചോദ്യങ്ങളും ഉത്തരങ്ങളും ഉൾക്കൊള്ളുന്ന പഠനസഹായി കുട്ടികൾക്ക് നൽകിയിരുന്നു.നാലാം ക്ലാസുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾ മൽസരത്തിൽ വാശിയോടെ പങ്കെടുത്തു.

ക്ലാസുകളിൽ നടത്തപ്പെടുന്ന പ്രാഥമിക എഴുത്തുപരീക്ഷയിലൂടെയും, അവസാന റൗണ്ടിൽ പൊതുസ്റ്റേജിൽ നടത്തപ്പെടുന്ന ഗ്രാന്റ് ഫിനാലെയിലൂടെയുമായിരുന്നു വിജയികളെ നിശ്ചയിക്കുന്നത്.

ഞായറാഴ്ച്ച വി. കുർബാനക്കു ശേഷം ഗ്രാന്റ് ഫിനാലെ ആയി നടത്തപ്പെട്ട ബൈബിൾ ജപ്പടി മൽസരം നിലവാരംകൊണ്ടും, സാങ്കേതിക മികവുകൊണ്ടും ശ്രദ്ധേയമായി. രണ്ടുകുട്ടികൾ വീതമുള്ള സുവിശേഷകരുടെ പേരിലുള്ള നാലു ടീമുകളായിട്ടാണ് ഗ്രാൻഡ് ഫിനാലെ മൽസരം നടന്നത്.

ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ ബൈബിൾ ജപ്പടി മൽസരം ഉത്ഘാടനം ചെയ്തു. ട്രസ്റ്റിമാരായ പോളച്ചൻ വറീദ്, ജോസ് തോമസ്, ജോജി ചെറുവേലിൽ, സജി സെബാസ്റ്റ്യൻ, ജെറി കുരുവിള, പാരീഷ് സെക്രട്ടറി ടോം പാറ്റാനിയിൽ, സ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ,

ജപ്പടി കോർഡിനേറ്റർമാരായ ജോസ് മാളേയ്ക്കൽ, ലീനാ ജോസഫ്, എബൻ ബിജു, പി. ടി. ഏ. പ്രസിഡന്റ് ജോബി കൊച്ചുമുട്ടം, ജഡ്ജുമാരായി സേവനം ചെയ്ത നീനു, ഡയാൻ, ജോമി എന്നിവരും, മതാധ്യാപകരും, സി. സി. ഡി കുട്ടികളും മാതാപിതാക്കളും ഉത്ഘാടനകർമ്മത്തിന് സാക്ഷ്യം വഹിച്ചു. ജറമിയ ജോസഫ്, തെരേസാ എബ്രാഹം എന്നിവരുൾപ്പെട്ട ടീം ഒന്നാം സ്ഥാനവും, എയിഡൻ തോമസ് ബിനു, എയ്ഞ്ചല ചാക്കോ എന്നിവർ പ്രതിനിധാനം ചെയ്ത ടീം രണ്ടാം സ്ഥാനവും, ലിലി ചാക്കോ, ജെയ്ഡൻ പി. ജോമോൻ എന്നിവർ നയിച്ച ടീം മൂന്നാം സ്ഥാനവും, തോമസ് എബ്രാഹം, ജോഷ്വ സോജൻ ടീം നാലാം സ്ഥാനവും കരസ്ഥമാക്കി. വിജയിച്ച ടീമംഗങ്ങളെ സർട്ടിഫിക്കറ്റും, കാഷ് അവാർഡും നൽകി അനുമോദിച്ചു.

ഓരോ ചോദ്യറൗണ്ട് കഴിയുമ്പോഴും സദസ്യർക്കുള്ള ചോദ്യങ്ങളും സമ്മാനങ്ങളും ഉണ്ടായിരുന്നതു കാണികളിൽ ആവേശമുണർത്തി. മതാധ്യാപകരായ ലീനാ ജോസഫ്, എബൻ ബിജു എന്നിവരായിരുന്നു ക്വിസ് മാസ്റ്റർമാർ.

ഫോട്ടോ: ജോസ് തോമസ്






























# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# ഓടിയെത്തുന്ന ഓർമ്മകൾ ..




ഒരുദിവസം , പ്രേമയും ഞാനും സാൻ ഫ്രാൻസിസ്കോയിലെ ഗോൾഡൻഗേറ്റ്പാർക്കിനടുത്ത്, ആദ്യമായി വാടകയ്ക്ക് താമസിച്ച അപ്പാർട്ട്മെന്റ് സന്ദർശിച്ചു. 40 വർഷം കഴിഞ്ഞിട്ടും, അതേ പഴയ ബിൽഡിംഗാണ് ഇപ്പോഴും നിലനിൽക്കുന്നത് എന്നത് അത്ഭുതകരമായിതോന്നി, ആ കെട്ടിടത്തിനോ റോഡുകൾക്കോ ഒരു മാറ്റവും ഇല്ലായിരുന്നു എന്നതും ഞങ്ങളെ അതിശയിപ്പിച്ചു. ഞങ്ങൾ താമസിച്ചിരുന്ന അതെ അപ്പാർട്ട്മെന്റിന്റെ തൊട്ടുതാഴെ ‘‘ഫോർ റെന്റ് ’ എന്ന ഒരു ബോർഡ് ഒരാണിയിൽ തൂക്കിയിട്ടിരുന്നു.അതിൽ വാടകക്ക് ആവശ്യമുള്ളവർക്കു വിളിക്കാനുള്ള ഫോൺ നമ്പറും കൊടുത്തിട്ടുണ്ട്. ഒന്നുവിളിച്ചാൽ ഒരുപക്ഷെ അകത്തൊക്കെ കയറി കാണാമായിരുന്നു. പക്ഷെ അതിനൊക്കെ മുൻകൂർ അപ്പോയിന്മെന്റ് ആവശ്യമാണന്നറിയാമായിരുന്നു. തല്ക്കാലം അതിനുള്ള സമയമില്ലല്ലോ എന്നോർത്തു ആ ഉദ്യമം വേണ്ടന്നു വെച്ചു. കാർ ഗരാജിന്റെ തടികൊണ്ടുള്ള കതകിന്റെ കളറിനുമാത്രം വ്യത്യാസമുണ്ടായിരുന്നു. ഞങ്ങൾ സ്ട്രീറ്റിൽത്തന്നെ കാർ നിർത്തി, കാറിലിരുന്നു കുറേനേരം അങ്ങോട്ടുതന്നെ നോക്കിയിരുന്നു. തിരക്കുള്ള സ്ട്രീറ്റ് ആയിരുന്നതുകൊണ്ട് ചുവന്ന വരയുള്ള നോ പാർക്കിംഗ് സോണിലായിരുന്നു നിർത്തിയിരുന്നത്, കുറേനേരം ഇരുന്നപ്പോൾ മുൻപിൽനിന്നു ആരോ വണ്ടി എടുത്തു. പ്രേമ പറഞ്ഞു തെ ആരോ കാറെടുക്കുന്നു. അപ്പോൾത്തന്നെ ഞാൻ ആ സ്ഥലത്തു കാർ പാർക്ക് ചെയ്തു. പാർക്കിങ് മീറ്ററിൽ ചില്ലറകൾ നിഷേപ്പിച്ചിട്ടു ഞങ്ങൾ പുറത്തേക്കുറങ്ങി. അതെ അപ്പാർട്ട്മെന്റിന്റെ ഓരം ചേർന്നു നിന്നു. അമേരിക്കയിലെ ആദ്യദിവസങ്ങളുടെ ഒരുപാടോർമ്മകൾ, മനസ്സിലെ കുഞ്ഞോളങ്ങളായി. വയലാറിന്റെ പ്രസിദ്ധമായ ഒരു പാട്ടാണ് അപ്പോൾ ഒരു ചോദ്യചിഹ്നംപോലെ മനസ്സിലേക്ക് ഓടിയെത്തിയത്.

‘‘ഓർമ്മകൾ മരിക്കുമോ

ഓളങ്ങൾ നിലക്കുമോ ’

ഇല്ല ഒരിക്കലും മരിക്കില്ല എന്നതല്ലേ സത്യം. ആ മരിക്കാത്ത ഓർമകളുമായി കുറെനേരം അവിടെത്തന്നെ നിന്നു. അതിനു ശേഷം ഒരു സെൽഫി എടുത്തു. ഫോട്ടോ കണ്ടാൽ പള്ളിയിൽ പോയതാണെന്നോ മതം മാറിയതാണെന്നോ തോന്നുമെങ്കിലും തെറ്റിദ്ധരിക്കേണ്ട. 1277-9th. അവന്യുവിലെ തണുത്ത കാറ്റടിച്ചപ്പോൾ പ്രേമ ഷാളുകൊണ്ടു തലയൊന്നു മൂടിയിട്ടുവന്നേയുള്ളു. കാറ്റിൽനിന്നും തണുപ്പിൽനിന്നും പൊടിക്കാറ്റിൽനിന്നം രക്ഷപ്പെടാനാണ് പല വേഷങ്ങളും ഉണ്ടായിട്ടുള്ളത് . പിന്നീട് അതൊക്കെ ആചാരങ്ങളായി തീരുന്നു, എന്നതല്ലേ സത്യം.

ശീതകാറ്റടിച്ചാൽ ചെവി വേദനിക്കുമെന്ന് ഞങ്ങളുടെ ഹണിമൂൺ കാലത്തു, കശ്മീരിലെ ടാൽ തടാകത്തിലൂടെയുള്ള ബോട്ട് യാത്രയിൽ പ്രേമ പറഞ്ഞതാണ് പെട്ടന്നു മനസിലേക്കോടി എത്തിയത്.

ജാക്കറ്റ് എടുക്കാൻ മറന്നതുകൊണ്ടു ഞാനും തണുത്തു വിറക്കാൻ തുടങ്ങിയെങ്കിലും പരാതി പറഞ്ഞില്ല. അതൊക്കെ നമ്മൾ ആണുങ്ങളുടെ അഭിമാനത്തിന്റെ പ്രശ്നമല്ലേ. അധികം താമസിയാതെ പോകാം എന്നു പ്രേമ പറഞ്ഞപ്പോൾ അവൾക്കു കാര്യം പിടികിട്ടി എന്നു മനസ്സിലായി. അത്രക്കും ശക്തികൂടിയ കാറ്റായിരുന്നു .

സാൻ ഫ്രാൻസിസ്ക്കോയിലെ അന്തരീഷം എല്ലാസമയത്തും പ്രവചനാതീതമാണ് ഏതു വേനലിലും ഒരു ജാക്കറ്റ് കൈയിൽ കരുതണം. പെണ്ണുങ്ങളുടെ മനസ്സുപോലെ എപ്പോഴാ മാറുന്നതെന്ന് ആർക്കും പ്രവചിക്കാൻ സാധ്യമല്ല.

1984 ൽ പ്രസിദ്ധമായ ഗോൾഡൻ ഗേറ്റ് പാർക്കിനടുത്തു (9th and Irving near UC Medical center And USF. University of San Francisco) ഞങ്ങൾ ആദ്യം താമസിച്ച ആ പഴയ അപ്പാർട്ടുമെൻറ് ഇപ്പോഴും അവിടെയുണ്ടോ എന്നറിയാൻകൂടി പോയതാണ്. പ്രേമ USF ൽ വിദ്യാർഥിയായിരുന്നപ്പോൾ പരിചയമുള്ള സ്ഥലമായിരുന്നതുകൊണ്ടായിരിക്കണം അവിടെത്തന്നെ താമസസൗകര്യം തരപ്പെടുത്തിയത് എന്നാണെന്റെ ഊഹം. തൊട്ടടുത്ത ഫ്ലാറ്റിൽ ഒരു ആഫ്രിക്കൻ അമേരിക്കൻ കുടുബമായിരുന്നു. അവിടുത്തെ മൂസോ എന്ന കറുത്ത സുന്ദരി മിക്കവാറും ഞങ്ങളുടെ ഫ്ലാറ്റിൽ വരുമായിരുന്നു. എന്തുകൊടുത്താലും ആർത്തിയോടെ കഴിക്കുന്ന ആ ടീനേജിർ പ്രേമയുടെ അനുജത്തിയുടെ കൂട്ടുകാരി എന്ന നിലക്കാണ് ഞങ്ങളോടു കൂടുതൽ അടുപ്പവും സ്വാതന്ത്ര്യവും കാണിച്ചത് എന്നതും മറന്നിട്ടില്ല. മുസോ ഇപ്പോൾ എവിടെയായിരിക്കും എന്നൊക്കെ വെറുതെ ഓർത്തുപോയി. അന്നത്തെ പതിനഞ്ചുകാരി ഇപ്പോൾ അമ്പതുകാരിയായി കുഞ്ഞുകുട്ടി പരാധീനങ്ങളുമായി അമേരിക്കയിൽത്തന്നെ ഏതെങ്കിലും പട്ടണത്തിൽ ജീവിക്കുന്നുണ്ടാവും.

ജീവിതം ഒരു ട്രെയിൻ യാത്രപോലെയെ എനിക്കു തോന്നിയിട്ടുള്ളു. ഓരോ സ്റ്റേഷനിൽനിന്നു കയറുന്നവർ അവർക്കിറങ്ങേണ്ട സ്റ്റേഷനിൽ ഇറങ്ങിപോകുന്നു. പിന്നീടൊരിക്കലും അവരെ നമ്മൾ കാണുന്നതേയില്ല എന്നതല്ലേ സത്യം. അങ്ങനെ എത്രയെത്ര നൈമിഷിക സൗഹൃതങ്ങൾ! നമ്മൾ മരിച്ച് അൻപതു വർഷങ്ങൾക്കു ശേഷം നമ്മുടെ കൊച്ചുമക്കൾ നമ്മളുടെ ഫ്രെയിം ചെയിത പഴയ ഫോട്ടോയിലൂടെ മാത്രം നമ്മളെ കാണുന്നു. വീടുമാറുമ്പോൾ അവരുടെ മക്കൾ അതെല്ലാം വലിച്ചെറിയുന്നു. അത്രക്കൊക്കെയേ നമ്മൾ ഉള്ളു, എന്നോർക്കുമ്പോൾ ജീവിതം എത്രയോ ചെറുതാണെന്ന തോന്നൽ ഉണ്ടാകുന്നത്.

താഴത്തെ നിലയിൽ ഒരു കുറവിലങ്ങാട്ടുകാരൻ കുര്യാക്കോസിന്റെ സൈക്കിൾ ഷോപ്പ് (Aji Cyclery)ഉണ്ടായിരുന്നു എന്നതായിരുന്നു എന്നെ അന്ന് അതിശയിപ്പിച്ചത് ,ആകെ കണ്ട ആദ്യത്തെ മലയാളി!. ചദ്രനിൽ ചെന്നപ്പോൾ ആരോ കണ്ട മലയാളിയുടെ ചായക്കട കഥപോലെ തീർത്തും അവിശ്വസനീയമായിരുന്നു അന്നെനിക്കത്. അമേരിക്കയിൽ സ്വന്തമായി സൈക്കിൾ ഷോപ്പുണ്ടായിരുന്ന ഒരേയൊരു മലയാളി പി.കെ കുര്യാക്കോസായിരിക്കുമെന്നാണ് ഇപ്പോഴും ഞാൻ വിശ്വസിക്കുന്നത്. മലയാളം പറയാനുള്ള കൊതികൊണ്ട് ഞാൻ പതിവായി സൈക്കിളുകടയിൽ കയറുമായിരുന്നു. കുര്യാക്കോസിനും അതിഷ്ടമായിരുന്നിരിക്കണം. അന്നൊക്കെ കുര്യാക്കോസ് പറയുന്ന ഒരു തമാശയുണ്ടായിരുന്നു.

‘‘ഒന്നുരണ്ടു മലയാളികൾകൂടി ഉണ്ടായിരുന്നെങ്കിൽ ഒരസ്സോസിയേഷൻ തുടങ്ങാമായിരുന്നു’’

വെറുതെ പറഞ്ഞതാണെങ്കിലും അതല്ലേ ശരി. അപ്പോഴൊക്കെ ഞാൻ മറുപടിയും പറയും

‘‘എന്തിനധികം മൂന്നുമതി , ഞാനും പ്രേമയും കുറിയാക്കോസും. പ്രസിഡണ്ട് സെക്രട്ടറി ട്രഷറർ’’. ‘അപ്പോൾപിന്നെ നമുക്കാലോചിക്കാവുന്നതേയുള്ളു’ എപ്പോഴും അളന്നു മുറിച്ചുമാത്രം സംസാരിക്കുന്ന കുറിയാക്കോസച്ചായൻ ചിരിച്ചുകൊണ്ടു പ്രതികരിച്ചു.

കുറിയാക്കോസച്ചായൻ ഒരു തികഞ്ഞ രാജ്യസ്നേഹിയായിരുന്നു എന്നാണ് കൊച്ചുമകൻ ഒരിക്കൽ വിളിച്ചപ്പോൾ പറഞ്ഞത്. അതുകൊണ്ടായിരിക്കണം ഭാര്യയോ ബന്ധുക്കളെയോ ആരെയും കൊണ്ടുവരാതെ നാടുവിട്ടത്. കുറച്ചു കാശുണ്ടാക്കി തിരിച്ചുപോകാനുള്ള ദൃഢനിശ്ചയത്തിലായിരിക്കണം സൈക്കിൾകട തുടങ്ങിയത്. ഒരു ദിവസം എല്ലാം വിറ്റു നാട്ടിൽ പോയി എന്നു പിന്നീടാണറിഞ്ഞത്. സ്വന്തം ഗ്രാമത്തിൽ പോയി. ഒരു പുതിയ സൈക്കിൾ മേടിച്ചു സ്ഥിരം സൈക്കിളിലായിരുന്നു യാത്ര എന്നും കൊച്ചുമകൻ പറഞ്ഞാനറിഞ്ഞത്. രാവിലെ സൈക്കിളിൽ കുറവിലങ്ങാട് കവലയിലെ ചായപ്പീടികയിൽ പോയി കൂട്ടുകാരുമായി ലോകകാര്യങ്ങൾ ചർച്ച ചെയ്യുക പതിവായിരുന്നു എന്നും പറഞ്ഞറിഞ്ഞു.

അന്നൊക്കെ ഇന്നത്തെപോലെ മലയാളം ചാനലുകളോ പത്രങ്ങളോ ഇന്റെർനെറ്റോ ഒന്നുമില്ലായിരുന്നു, എന്നോർക്കണം. ന്യു യോർക്കിൽനിന്നും നാദം എന്നൊരു പത്രം ഇറങ്ങുന്നുണ്ടെന്ന് കുറിയാക്കോസച്ചായൻ പറഞ്ഞറിയാമായൊരുന്നെങ്കിലും കണ്ടിരുന്നില്ല. അതിനുശേഷം മലായാളികളുടെ എണ്ണം കൂടിയപ്പോൾ പുതിയ പ്രസിദ്ധീകരണങ്ങളും കൂണുകൾപോലെ മുളക്കാൻ തുടങ്ങി. അതിൽ ഏറ്റവും പ്രചാരമേറിയത് ‘മലയാളം പത്രം ’ ആയിരുന്നു. ന്യു യോർക്കിൽനിന്നുള്ള ഈ പത്രത്തിൽ അമേരിക്കയിലെയും നാട്ടിലെയും പ്രമുഖ എഴുത്തുകാർ എഴുതിയിരുന്നു. എം കൃഷ്ണനായരുടെ സാഹിത്യവാരഫലവും എന്റെ നാട്ടുകാരിയും എഴുത്തുകാരിയുമായ റോസ് മേരിയുടെ കോളവും വന്നിരുന്നതായി ഓർമ്മിക്കുന്നു. അന്ന് ഞാനും ആ പത്രത്തിൽ കവിതകൾ എഴുതിയിരുന്നു. ഒരിക്കൽ എം കൃഷ്ണനായർ എന്റെ കവിതകളെയും നിശിതമായി വിമർശിച്ചിരുന്നുവെങ്കിലും, അത് എനിക്കു കിട്ടിയ ഒരംഗീകാരമായിതന്നെ ഞാൻ കരുതുന്നു.

പിന്നീടും കേരളാ എക്സ്പ്രസ്സ്, സംഗമം മുതലായ മലയാളം പ്രസിദ്ധീകരണങ്ങൾ ധാരാളം ഇറങ്ങിയെങ്കിലും ഇന്റർനെറ്റിന്റെ വരവോടുകൂടി എല്ലാം ഓൺലൈൻ ആയിക്കൊണ്ടിരിക്കുന്നു. ഈ മലയാളി എന്നൊരു ഓൺലൈൻ പത്രമാണ് ഇപ്പോൾ അമേരിക്കയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നത്.

പറഞ്ഞുവന്നത് കുര്യാക്കോസിന്റെ കാര്യമാണല്ലോ, അയാൾ ആ ഷോപ്പ് ഒരു സായിപ്പിനു വിറ്റിട്ടാണ് പോയതെന്നറിയാമായിരുന്നു. അതൊക്കെവർഷങ്ങൾക്കുമുൻപല്ലേ. എന്തായാലും ആ സൈക്കിൾഷോപ്പ് ഇപ്പോഴില്ല. ‘കി ക്കി’എന്ന പേരുള്ള ജാപ്പനീസ് റെസ്റ്റോറന്റാണവിടെയിപ്പോൾ.

അന്ന് കൊറോണോ കാലം കഴിയാഞ്ഞിട്ടായിരിക്കണം Take out only എന്ന് ചോക്കുകൊണ്ടെഴുതിയ ഒരു ബോർഡ് വാതിലിനടുത്തു നിലത്തു ചാരി വെച്ചിട്ടുണ്ട്. അങ്ങനെ ആ തെരുവിൽ ആകെയുണ്ടായിരുന്ന മലയാളികൾ ഞങ്ങളും കുറവില




emalayalee.com



**താഴത്തെ നിലയിൽ ഒരു കുറവിലങ്ങാട്ടുകാരൻ കുര്യാക്കോസിന്റെ സൈക്കിൾ ഷോപ്പ് (Aji Cyclery) ഉണ്ടായിരുന്നു എന്നതായിരുന്നു എന്നെ അന്ന് അതിശയിപ്പിച്ചത് ,ആകെ കണ്ട ആദ്യത്തെ മലയാളി!. ചന്ദ്രനിൽ ചെന്നപ്പോൾ ആരോ കണ്ട മലയാളിയുടെ ചായക്കട കഥപോലെ തീർത്തും അവിശ്വസനീയമായിരുന്നു അന്നെനിക്കത്. അമേരിക്കയിൽ സ്വന്തമായി സൈക്കിൾ ഷോപ്പുണ്ടായിരുന്ന ഒരേയൊരു മലയാളി പി.കെ കുര്യാക്കോസായിരിക്കുമെന്നാണ് ഇപ്പോഴും ഞാൻ വിശ്വസിക്കുന്നത്.**


ങ്ങുകാരൻ കുറിയാക്കോസും ആയിരുന്നു. പ്രേമയുടെ അമ്മയും അനുജത്തിയും നാട്ടിൽനിന്നു വന്നപ്പോൾ ഞങ്ങൾ ആ സ്ഥലം ഉപേക്ഷിച്ചു. സൗത്ത് സാൻ ഫ്രാൻസിസ്കോയിൽ ഒരു ടൌൺഹോമിലേക്കു താമസം മാറി. ഞങ്ങളാണ് ആദ്യം കൂടുവിട്ടത്. അന്നത്തെ കടകളുടെ പേരുകൾ മാറിയതല്ലാതെ ഒന്നിനും ഒരു മാറ്റവുമില്ല, പൊതുവെ ശാന്തമായ തെരുവുകളാണെങ്കിലും വാഹനത്തിരക്കുകളുടെ ബാഹുല്യം വളരെ കൂടുതലായിരുന്നു. ഞാൻ

സ്ട്രീറ്റിൽനിന്നും കാറെടുത്തു ഗോൾഡൻ ഗേറ്റ് പാർക്കിനടുത്തു , പാർക്കിങ് കിട്ടാതെ കുറെ കറങ്ങി. അന്നൊക്കെ ഓട്ടവും നടത്തവുമൊക്കെ ആ പാർക്കിലൂടെയായിരുന്നു. അവസാനം പാർക്കിനടുത്തു ഒരു ഫ്രീ പാർക്കിങ് കിട്ടിയെങ്കിലും ജാക്കറ്റില്ലാതെ തണുത്ത കാറ്റടിച്ചു നടക്കാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല ഞങ്ങൾ. അതുകൊണ്ട് അപ്പോഴേക്കും തിരിച്ചു പോരാനുള്ള തീരുമാനത്തിൽ എത്തിയിരുന്നു.

കുട്ടികൾ ഇല്ലായിരുന്നെങ്കിലും, ബഷീറിന്റെ ഭാഷയിൽ പറഞ്ഞാൽ യവ്വനതീഷ്ണവും പ്രേമസുരഭിലവുമായ ആ കാലഘട്ടങ്ങളിലെ കഷ്ടപ്പാടിന്റെ കുഞ്ഞോർമ്മകൾ, സൗന്ദര്യപിണക്കങ്ങളുടെയും, പരിഭവങ്ങളുടെയും കൊച്ചു കൊച്ചു നിമിഷങ്ങൾ എല്ലാം ഒന്നുകൂടി ഒന്നുകൂടി പുതുക്കിയതിൽ ഒരുന്മേഷവും സന്തോഷം തോന്നിയിരുന്നു. വന്നവഴിയൊക്കെ ഓർക്കുന്നതുതന്നെയാണ് എപ്പോഴും നമ്മെ മുന്നോട്ട് നയിക്കുന്നത് എന്നതല്ലേ യാഥാർഥ്യം. ജീവിതത്തിൽ അന്നുവരെ എടുത്ത തീരുമാനങ്ങളൊന്നും തെറ്റാണെന്നു തോന്നിയിട്ടില്ല , അങ്ങനെ തോന്നുന്നിടത്താണല്ലോ നമ്മളുടെ പരാജയത്തിന്റെ തുടക്കം.

കുറിയാക്കോസിനെപ്പറ്റി ഒരിക്കൽ ഫേസ് ബുക്കിൽ ഞാനൊരു കുറിപ്പിട്ടിരുന്നു . അദ്ദേഹത്തിന്റെ അമേരിക്കയിലുള്ള കൊച്ചുമകൻ ആ പോസ്റ്റ് കണ്ടിട്ടാണ് ആദ്യം എനിക്ക് മെസ്സേജ് അയച്ചത്. ഞാൻ ഔസേപ്പച്ചൻ എന്നാണു ആദ്യം എഴുതിയിരുന്നതെങ്കിലും അയാളുടെ യധാർഥ പേര് പി.കെ. കുരിയാക്കോസ്സ് എന്നാണു. സൈക്കിളുകടയുടെ പേരും കിട്ടി. അജി സൈക്കിൾ അതുകൂടി തിരുത്തിയിട്ടുണ്ട്. ഗ്രാന്റ്പ്പാ പത്തു വർഷം മുൻപു മരിച്ചു എന്നും പറഞ്ഞിരുന്നു. നാട്ടിൽ പലതവണ പോയിരുന്നെങ്കിലും ഒരിക്കൽപോലും കുറവിലങ്ങാടുള്ള കുറിയാക്കോസച്ചായനെ കാണാൻ മറന്നല്ലോ എന്നതോർത്തപ്പോൾ മനസ്സിൽ ഒരു സങ്കടക്കടൽ! അതെപ്പോഴും അങ്ങനെയാണല്ലോ നമ്മൾ കാണണമെന്നാഗ്രഹിക്കുന്ന പല സുഹൃത്തുക്കളും തിരക്കുകൾക്കിടയിൽ നമ്മെ വിട്ടുപോകുന്നത് നമ്മൾ അറിയുന്നത്, മിക്കപ്പൊഴും ഒരു മരണവാർത്തയിലൂടെ ആയിരിക്കും .


# ATTORNEY AT LAW
# VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# ഡാലസ്സ് ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രോത്സവം






**സന്തോഷ് പിള്ള**

emalayalee.com

ഡാലസിലെ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ പത്താമത് പ്രതിഷ്ഠാദിനവാർഷികത്തോടനുബന്ധിച്ചു ഗംഭീര ആഘോഷങ്ങളാണ് ഈ വർഷം നടത്തപെട്ടത്. മെയ് 15ന് ഗണപതി ഹോമം, ശുദ്ധി പൂജകളോടെ തുടക്കംകുറിച്ച്, ഉദയാസ്തമന പൂജ, കലശാഭിഷേകം,നവകാഭിഷേകം, കളഭം,പറയിടൽ, അൻപൊലി, ഭഗവതി സേവ എന്നീ പൂജകളിലൂടെ തുടർന്ന് പൊങ്കാലയിലാണ് പൂജകൾക്ക് വിരാമമായത്. ക്ഷേത്ര തന്ത്രി കരിയന്നൂർ ദിവാകരൻ നമ്പൂതിരിയുടെ മാർഗ്ഗ നിർദേശത്താൽ, കാരക്കാട്ടു പരമേശ്വൻ തിരുമേനി, കല്ലൂർ വാസുദേവൻ തിരുമേനി, സൂരജ് തിരുമേനി, പുളിയപടമ്പ വിനേഷ് തിരുമേനി എന്നിവരാണ് പൂജാദികർമ്മങ്ങളിൽ പങ്കാളികളായത്.

മെയ് 28ന് വാദ്യമേളങ്ങളുടെയും താലപ്പൊലിയുടെയും അകമ്പടിയോടുകൂടി നെറ്റിപ്പട്ടം കെട്ടിയ ജഗവീരന്റെ മുകളിൽ ഉത്സവമൂർത്തിയുടെ തിരുഃഎഴുന്നള്ളത്ത് നടന്നു. പല്ലാവൂർ ശ്രീധരൻ മാരാരുടെ നേതൃത്വത്തിലായിരുന്നു ചെണ്ടമേളവും, കേളിയും, പഞ്ചാരിമേളവും അവതരിപ്പിച്ചത്. അനേകം കലാകാരന്മാർ വിവിധ സ്ഥലങ്ങളിൽ നിന്നും കലാപരിപാടികൾ അവതരിപ്പിക്കാനായി എത്തിയിരുന്നു. മെയ് 30ന് അരങ്ങിലെത്തിയ അമ്പലപ്പുഴ വിജയകുമാറിൻറെ സോപാന സംഗീതം ശ്രോതാക്കളെ ഭക്തിയുടെ മായാ ലോകത്തെത്തിച്ചു. ഓട്ടംതുള്ളൽ എന്ന കലാരൂപത്തിൻറെ സാദ്ധ്യതകൾ സർവ്വവും പ്രകടിപ്പിച്ചുകൊണ്ട്, അത്യുജ്ജല പ്രകടനം അമ്പലപ്പുഴ സുരേഷ് വർമ്മ കാഴ്ച വച്ചപ്പോൾ അക്ഷരാർത്ഥത്തിൽ കാണികൾ അത്ഭുതസ്തബ്ധരായി. അദ്ദേഹത്തെ പിന്തുണക്കാൻ, ശിവദേവും, ഹരികൃഷ്ണനും നാട്ടിൽ നിന്നും എത്തിച്ചേർന്നിരുന്നു സോപാന സംഗീതവും, ഓട്ടംതുള്ളലും കാണികളുടെ മുക്തകണ്ഠപ്രശംസയാണ് ഏറ്റുവാങ്ങിയത്.

ഭരതകല തീയേറ്റേഴ്സും, ലിറ്റ് ദി വേ ചാരിറ്റിയും സംയുക്തമായി രൂപപ്പെടുത്തിയ എഴുത്തച്ഛൻ എന്ന ചരിത്ര നാടകം ഈ വർഷത്തെ ക്ഷേത്രോത്സവൾക്ക് മാറ്റുകൂട്ടി. ബഹുജന പങ്കാളിത്തം കൊണ്ടും. വൈവിധ്യമാർന്ന കലാപരിപാടികളാലും പ്രത്യേകതകൾ നിറഞ്ഞതായിരുന്നു ഈ വർഷത്തെ പ്രതിഷ്ഠാ

ദിന വാർഷികാഘോഷങ്ങൾ. ആഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിച്ചേർന്നിരുന്ന എല്ലാ ഭക്തജങ്ങൾക്കും, കലാസ്വാദകർക്കും വേണ്ടി വിപുലമായ തട്ടുകടയും ക്ഷേത്ര ഭാരവാഹികൾ സംഘടിപ്പിച്ചിരുന്നു. ഇത്രയും വിപുലമായ പരിപാടികൾ ക്രമീകരിച്ചത്, പ്രസിഡൻറ് വിപിൻ പിള്ള, സെക്രട്ടറി ജലേഷ് പണിക്കർ, ട്രസ്റ്റി ചെയർ സതീഷ് ചന്ദ്രൻ, ട്രസ്റ്റി  വൈസ് ചെയർ രമണി കുമാർ, കൾച്ചറൽ  കോർഡിനേറ്റർ ഹെന വിനോദ്, യൂത്ത് കോർഡിനേറ്റർ സുജാ മനോജ് എന്നിവരടങ്ങുന്ന 16 അംഗ ജോയിന്റ് കമ്മറ്റിയുടെയും വോളന്റീർസിന്റെയും കഠിനപ്രയത്നത്തിലൂടെ ആയിരുന്നു. ക്ഷേത്രത്തിലെ ബലിക്കല്പുരയുടെയും പതിനെട്ടാം പടിയുടെയും പണികൾ പൂർത്തിയായി വരുന്നതോടു കൂടി ഒരുപാടു ഭക്തജനങ്ങൾ നോർത്ത് ടെക്സസിലെ ഈ മഹാക്ഷേത്രത്തിലേക്കു വന്നു ചേരുമെന്ന് ക്ഷേത്ര ഭാരവാഹികൾ അറിയിച്ചു.











Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# സ്റ്റാർ എന്റർടൈൻമെന്റ് സിനി സ്റ്റാർ നൈറ്റ് 2025 സീസൺ 2

## ആഗസ്ത് സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ അമേരിക്കയിലും കാനഡയിലുമായി എത്തുന്നു

ന്യൂ ജേഴ്സി : മലയാളത്തിലെ ഏറ്റവും മികച്ച കലാകാരന്മാർ അണിനിരക്കുന്ന സിനി സ്റ്റാർ നൈറ്റ് 2025 സീസൺ 2 ആഗസ്ത് സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ അമേരിക്കയിലും കാനഡയിലുമായി എത്തുന്നു.

കേരളത്തിന്റെ ജനപ്രിയ പ്രിയ നായിക നടി ഭാവന, ശ്രുതിലക്ഷ്മി, മണിക്കുട്ടൻ, പ്രമുഖ ഗായകരായ ശ്രീനാഥ്, നിതിൻ മാത്യു, ഗായികമാരായ മൃദുലാ വാര്യർ, രേഷ്മ രാഘവേന്ദ്ര, മിമിക്രി കലാകാരൻമാരായ മഹേഷ് കുഞ്ഞുമോൻ, അശ്വന്ത് അനിൽകുമാർ, അനൂപ് കോവളം, പാലക്കാട് മുരളി എന്നിവരടങ്ങുന്ന കേരളത്തിലെ മികച്ച താരനിരയാണ് ചിരിയും സംഗീതവും ഉല്ലാസവും നിറയ്ക്കാൻ വരുന്ന ഓണക്കാലത്ത് അമേരിക്കൻ യാത്രയിൽ പങ്കെടുക്കുക.

ഏപ്രിൽ മെയ് മാസങ്ങളിൽ അരങ്ങേറിയ സിനിസ്റ്റാർനൈറ്റ് സീസൺ 1 ന്റെ മികച്ച വിജയത്തിന് ശേഷമാണ് സ്റ്റാർ എന്റർടൈൻമെന്റിന്റെ ബാനറിൽ അമേരിക്കയിലും കാനഡയിലുമായി 2025 ആഗസ്ത് സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ പ്രിയ താരങ്ങൾ പര്യടനവുമായി എത്തുക.

സംഗീതവും നൃത്തവും കോമഡിയുമായി മലയാളികളെ ഉല്ലസിപ്പിക്കുവാൻ മൂന്നു മണിക്കൂർ നീളുന്ന ഒരു പാക്ക്ഡ് പ്രോഗ്രാമായിരിക്കുമിത് എന്ന് സംഘാടകർ അറിയിച്ചു,

2025 ആഗസ്റ്റ് 29,30,31 സെപ്റ്റംബർ 5, 6,7,12,13,14,19,20,21,26,27,28 ഒക്ടോബർ 3,4,5 എന്നി ദിവസങ്ങളിൽ അമേരിക്കയിലും കാനഡയിലുമായി മുഴുവൻ താരങ്ങളും പങ്കെടുക്കുന്നവയും അല്ലാതെ ചെറിയ ഗ്രൂപ്പുകളായും വിവിധ ബഡ്ജറ്റുകളിൽ ഷോ ലഭ്യമാണ്,

കൂടുതൽ വിവരങ്ങൾക്കും ഷോ ബുക്കി




ങ്ങിനുമായി വിളിക്കുക - ജോസഫ് ഇടിക്കു 973 985 8432 ) ബോബി ജേക്കബ് - ( 201
ള - ( 201 421 5303 ) ജെയിംസ് ജോർജ്- ( 669 1477 )


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# വട വട ചൂട് വട നിലമ്പൂർ കടി

സുനിൽ വല്ലാത്തറ ഫ്ലോറിഡാ

രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന ശേഷം നടക്കുന്ന ആറാമത്തെ ഉപതെരഞ്ഞെടുപ്പ് നിലമ്പൂരിൽ നടക്കുമ്പോൾ മൂന്നു മുന്നണികളും തൃണമൂൽ സ്വതന്ത്രൻ പി വി അൻവറും പയറ്റുന്നത് പ്രധാനമായും തട്ട് കടകളും ചായക്കടകളും കേന്ദ്രമാക്കിയുള്ള ഇലക്ഷൻ പ്രചരണമാണ്

നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന എല്ലാ തട്ടുകടകളുടെയും ചാർജുള്ള കോൺഗ്രസിന്റെ ക്രൌഡ്പുള്ളർ ഷാഫി പറമ്പിൽ പാലക്കാടിനു പുറമെ വടകരയിൽ സി പി എം ന്റെ സ്റ്റാർ കാൻഡിഡേറ്റ് കെ കെ ശൈലജ ടീച്ചറെ വൻ മാർജിനിൽ കടപുഴക്കി എറിഞ്ഞു വടകരയുടെ മരുമകൻ ആയപ്പോൾ തട്ടുകട തന്ത്രം ആവോളം പയറ്റിയായിരുന്നു



തുടർന്ന് ഏതാനും മാസങ്ങൾക്ക് മുൻപ് പാലക്കാട് ഉപ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നേതൃത്വത്തോട് പടവെട്ടി തന്റെ അരുമ സുഹൃത്ത് രാഹുൽ മാൻകൂട്ടത്തിലിനു സീറ്റ് വാങ്ങി കൊടുത്തു രാപകൽ ഉറങ്ങാതെ ഒറ്റയ്ക്കു പണിയെടുത്തു രാഹുലിനെ വൻ ഭൂരിപക്ഷത്തിൽ വിജയിപ്പിച്ചെടുത്തപ്പോഴും പയറ്റിയ തന്ത്രങ്ങളിൽ ഒന്ന് തട്ട്കട പ്രയോഗം ആയിരുന്നു

ഏതായാലും ആര്യടാൻ ഷൗക്കത്തിനു വേണ്ടി നിലമ്പൂരിൽ തമ്പടിച്ചിരിക്കുന്ന ഷാഫിയുടെ വരവ് പാലക്കാടും വടകരയും കടന്നു കേരളത്തിൽ ഉടനീളം ഉള്ള തന്റെ അനുയായികളും ആയാണ്

രാഹുൽ ഗാന്ധിയോട് ഒപ്പം ഭാരത് ജോഡോ യാത്രയിൽ പങ്കെടുത്ത ശേഷം ഉടൻ നടന്ന പുതുപ്പള്ളി ഉപ തെരഞ്ഞെടുപ്പിൽ ചാണ്ടി ഉമ്മൻ മുപ്പത്താറായിരം വോട്ടിന്റെ ചരിത്ര വിജയം നേടിയതിനു പിന്നിലും ഒരു തട്ട് കട തന്ത്രം ഉണ്ട്. പുതുപ്പള്ളി മണ്ഡലത്തിലെ എല്ലാ തട്ടുകടകളിലും തന്റെ അനുയായികളെ തട്ടുകടക്കാരെ സഹായിക്കാൻ വിന്യസിച്ച ചാണ്ടി പി ടി ഉഷയെ വെല്ലുന്ന രീതിയിൽ ഓടി വോട്ടു പിടിക്കുമ്പോഴും ഇടയ്ക്കിടയിൽ ഓടി പുതുപ്പള്ളിയിലെ എല്ലാ തട്ട് കടയിലും എത്തുമായിരുന്നു

ഇപ്പോൾ ഇലക്ഷൻ പ്രഖ്യാപിച്ച ഉടൻ നിലമ്പൂരിൽ പാഞ്ഞെത്തിയ ചാണ്ടി പോന്ന കൂട്ടത്തിൽ പുതുപ്പള്ളിയിലെ എല്ലാ തട്ടുകടകളിലെയും പരിജയ സമ്പന്നരായ കോഴി പൊരിക്കലുകരെയും കൊണ്ടുവന്നിട്ടുണ്ട്



ഇപ്പോൾ നിലമ്പൂരേ എടക്കര പഞ്ചായത്തിന്റെ ചാർജ് കിട്ടിയിട്ടുള്ള ചാണ്ടി പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ അല്പം ഉഴപ്പിയതിന്റെ പേരുദോഷം മാറ്റുവാൻ ആര്യടാൻ ഷൗക്കത്തിനു വേണ്ടി എടക്കര പഞ്ചായത്തിലെ എല്ലാ തട്ടുകടകളിലും ഓടി നടന്നു കോഴി പൊരിച്ചു കൊടുത്തു വോട്ടു പിടിക്കുകയാണ്

ആറന്മുളയിൽ നിന്നും വന്നു പാലക്കാട് ബി ജെ പിയെ നാണം കെടുത്തി എം എൽ എ ആയ രാഹുൽ മാൻകൂട്ടത്തിൽ തനിക്കു വലിയ പരിജയം ഇല്ലാത്ത നിലമ്പൂരു വന്നിരിക്കുന്നത് യൂത്ത്‌ലീഗ് നേതാവ് പി കെ ഫിറോസിനെ കൂട്ടു പിടിച്ചാണ്

ആറന്മുളയിലെ പ്രധാനപ്പെട്ട നാലുമണി കടി ഉള്ളിവടയും പഴംപൊരിയും ആണ് രാഹുൽ തനിക്കു കിട്ടിയിരിക്കുന്ന പഞ്ചായത്തിലെ എല്ലാ തട്ടുകടകളിലും വിളമ്പുന്നത്. ആറന്മുളയിലെ പ്രശസ്ത തട്ടുകടക്കാർ എല്ലാം രാഹുലിനെ സഹായിക്കാൻ നിലമ്പൂരിൽ എത്തിയിട്ടുണ്ട്

കഴിഞ്ഞ ദിവസം തട്ടുകടകളിൽ ബാക്കി

**നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന എല്ലാ തട്ടുകടകളുടെയും ചാർജു ള്ള കോൺഗ്രസിന്റെ ക്രൌഡ്പുള്ളർ ഷാഫി പറമ്പിൽ പാലക്കാടിനു പുറമെ വടകരയിൽ സി പി എം ന്റെ സ്റ്റാർ കാൻഡിഡേറ്റ് കെ കെ ശൈലജ ടീച്ചറെ വൻ മാർജിനിൽ കടപുഴക്കി എറിഞ്ഞു വടകരയുടെ മരുമകൻ ആയപ്പോൾ തട്ടുകട തന്ത്രം ആവോളം പയറ്റിയായിരുന്നു**

**പുതുപ്പള്ളിയിൽ തെരഞ്ഞെടുപ്പ് തട്ടുകട നടത്തി പരിജയം ഉള്ള ജയ്ക് സി തോമസും പാലക്കാട് ഉപതെരഞ്ഞെടുപ്പിലെ സി പി എം ഫ്രെയിം പി സരിനും തൃക്കാക്കരയിലെ ഡോക്ട റും തട്ടുകട നടത്തിപ്പിനായി കാലേ കൂട്ടി നില മ്പൂരെത്തിയിട്ടുണ്ട്**



വന്ന ഒരു പെട്ടിഓട്ടോ നിറയെ ഉള്ളിവടയും പഴംപൊരിയുമായി പാതിരാത്രിയിൽ പി വി അൻവറുടെ വീടിന്റെ മതിൽ ചാടികടന്നു തല മൂടി അൻവറിന്റെ വീട്ടിൽ എത്തിയ രാഹുലിനോട് അൻവർ പറഞ്ഞു എനിക്ക് ഇ ബാക്കി വന്ന ഉള്ളിവടയും പഴപൊരിയും ഒന്നും വേണ്ട മേലിൽ ഇവിടെ വരികയാണെങ്കിൽ വി എസ് ജോയി കൊണ്ടുവരുന്നപോലെ പത്തരിയും മട്ടൻകറിയും ആയി



വന്നാൽ മതി

ആലുവ എം എൽ എ യും യുവ കോൺഗ്രസ് നേതാവും ആയ അൻവർ സദാത്തു നിലമ്പൂരിൽ വന്നിരിക്കുന്നത് അദ്ദേഹത്തിന്റെ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന നെടുമ്പാശ്ശേരി എയർപോർട്ടിനു അടുത്തുള്ള കേരളത്തിലെ ഏറ്റവും പ്രശസ്തമായ ചിക്കൻ മന്തി റെസ്റ്റോറന്റിലെ പ്രധാന പാചകക്കാരുമയാണ്

ചെങ്ങന്നൂരിൽ രണ്ടു തവണ എം എൽ എ ആയ ശേഷം ശോഭന ജോർജ് പാരയായി മൂന്നാം തവണ പരാജയപ്പെട്ട പി സി വിഷ്ണുനാഥ് കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ കൊല്ലത്തു കുണ്ടറയിൽ മെഴ്സിക്കുട്ടിയമ്മയെ ആട്ടിമറിക്കാൻ പ്രയോഗിച്ചത് തട്ടുകട തന്ത്രം ആയിരുന്നു

കൊല്ലത്തിന്റെയും ചെങ്ങന്നൂരിന്റെയും മാത്രം അല്ല കേരളത്തിന്റെ തന്നെ വികാരമായ പരിപ്പുവടയും ചായയും ആണ് വിഷ്ണുനാഥ് തന്റെ അനുയായികളോടൊപ്പം നിലമ്പൂരിൽ വിളമ്പുന്നത്

തിരുവനന്തപുരത്തിന്റെ സ്വന്തമായ ഇഡലി വട ചമ്മന്തി പപ്പടം കോമ്പിനേഷനുമായി കാർത്തികേയന്റെ പുത്രൻ ശബരീനാഥും തൃശ്ശൂരിന്റെ നാലുമണി കടികളുമായി മുൻ എം എൽ എ അനിൽ അക്കരയും പാലക്കാടൻ വിഭവങ്ങളുമായി വി ടി ബൽറാംമും ആര്യടാൻ ഷൗക്കത്തിനു വേണ്ടി വോട്ടു പിടിക്കുവാൻ മുൻപിൽ തന്നെയുണ്ട്

നിലമ്പൂരിലെ കോൺഗ്രസ് തട്ടുകടകളിൽ എല്ലാം പാട്ടുകാരി രമ്യ ഹരിദാസിന്റെയും പാട്ടുകാരൻ എബിൻ വർക്കിയുടെയും നേതൃത്വത്തിൽ എല്ലാ ദിവസവും ഗാനമേളയും നടക്കുന്നുണ്ട്

സി പി എം ന്റെ പടക്കുതിരകൾ ആയ പി രാജീവും കെ എൻ ബാലഗോപാലും മുഹമ്മദ് റിയാസും എം ബി രാജേഷും മന്ത്രിമാർ ആയി പോയതുകൊണ്ട് എം സ്വരാജിന് വേണ്ടി തട്ടുകടയും ചായക്കടയും നടത്തുന്നത് രണ്ടാം നിര യുവ നേതാക്കളാണ്

പുതുപ്പള്ളിയിൽ തെരഞ്ഞെടുപ്പ് തട്ടുകട നടത്തി പരിജയം ഉള്ള ജയ്ക് സി തോമസും പാലക്കാട് ഉപതെരഞ്ഞെടുപ്പിലെ സി പി എം ഫ്രെയിം പി സരിനും തൃക്കാക്കരയിലെ ഡോക്ടറും തട്ടുകട നടത്തിപ്പിനായി കാലേ കൂട്ടി നിലമ്പൂരെത്തിയിട്ടുണ്ട്

ബി ജെ പി സ്ഥാനാർഥി മോഹൻ ജോർജ്നു വേണ്ടി തട്ടുകടയ്ക്കു നേതൃത്വം കൊടുക്കുന്നത് പൂഞ്ഞാറിൽ ഒരുപാട് വർഷങ്ങൾ തട്ടുകട നടത്തി ആയിരക്കണക്കിന് പേർക്ക് തട്ട് ദോശയും ഓംലെറ്റും വിളമ്പിയ പി സി ജോർജ്ന്റെ പുത്രൻ ഷോൺ ജോർജ് ആണ്. പൂഞ്ഞാറിൽ നിന്നും ഒരു ലോറി നിറയെ തട്ടുകടക്കാരെയും അണികളും ആയാണ് ഷോൺ നിലമ്പൂരിൽ ക്യാമ്പ് ചെയ്യുന്നത്

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പി സി ജോർജ് മായി കടിപിടി കൂടി പത്തനംതിട്ട സീറ്റ് കൈവശപെടുത്തിയ എ കെ ആന്റണിയുടെ വത്സല പുത്രൻ അനിൽ ആന്റണിയാണ് മോഹൻ ജോർജ്നു വേണ്ടി ഇനി നിലമ്പൂരിൽ തട്ടുകട നടത്താൻ വരുന്ന ബി ജെ പി യുവ നേതാക്കളിൽ പ്രമുഖൻ. ദീർഘനാൾ ഡൽഹിയിൽ ആയിരുന്നതുകൊണ്ട് നോർത്തിന്ത്യൻ വിഭവങ്ങൾ ആയിരിക്കും അനിൽ നിലമ്പൂരിൽ വിളമ്പുക എന്നാണ് കേൾക്കുന്നത്

തൃണാമൂൽ സ്വതന്ത്രനും നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന്റെ ശില്പിയും ആയ പി വി അൻവറും താനും തട്ടുകട തെരഞ്ഞെടുപ്പ് തന്ത്രത്തിന്റ ആശാനാണെന്നു തെളിയിക്കുവാൻ ഉള്ള പുറപ്പാടിലാണ്

വേണ്ടി വന്നാൽ തന്റെ നേതാവ് മമത ബാനർജിയെയും നാൽപത്തി രണ്ടു എം പി മാരെയും നിലമ്പൂരിൽ ഇറക്കി ബംഗാൾ കടികൾ ഉണ്ടാക്കി കാണിച്ചു കൊടുക്കും എന്നാണ് അൻവറിക്ക പറയുന്നത്

ഇപ്പോൾ ഒടുവിൽ കേൾക്കുന്നത് മീൻ കൊതിയൻ ആയ നമ്മുടെ മുഖ്യൻ പിണറായി തെരഞ്ഞെടുപ്പിനു തൊട്ടു മുൻപ് കണ്ണൂരിന്റെ സ്വന്തമായ പൊറോട്ട മീൻകറിയുടെ സ്റ്റാളുകൾ തന്റെ നേതൃത്വത്തിൽ നിലമ്പൂർ മുഴുവൻ സ്ഥാപിച്ചു അറ്റകൈ പ്രയോഗം നടത്തുമെന്നാണ്


Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902,** TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)




**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# ചരിത്രംകുറിച്ചു കുറിച്ച് ഫൊക്കാന പ്രിവിലേജ് കാർഡ്

## തിരുവനന്തപുരം എയർപോർട്ടുമായും ധാരണയായി

ശ്രീകുമാർ ഉണ്ണിത്താൻ, ഫൊക്കാന ജനറൽ സെക്രട്ടറി




ന്യൂ യോർക്ക്: ഫൊക്കാനയും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് അഥവാ സിയാലുമായി ഫൊക്കാന പ്രിവിലേജ് കാർഡിന് ധാരണയായതിന് പിന്നാലെ തിരുവനന്തപുരം എയർപോർട്ടുമായും ഫൊക്കാന എഗ്രിമെൻറ് ആയി. ചരിത്രത്തിൽ ആദ്യമായാണ് ഒരു പ്രവാസി സംഘടന ഒരു സംസ്ഥാനത്തെ മേജർ എയർപോർട്ടുകളുമായി ധാരണയിൽ ആകുന്നത്. ധാരണ പ്രകാരം കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഷോപ്പ് ചെയ്യുന്ന ഫൊക്കാനയുടെ മെംബേർസിന് 10 ശതമാനം ഡിസ്കൗണ്ടും, തിരുവനന്തപുരം എയർപോർട്ടിൽ നിന്നും ഷോപ്പ് ചെയ്യുമ്പോൾ 15 ശതമാനം ഡിസ്കൗണ്ടും ലഭിക്കുന്നതാണ് (15% അറയ്‌വൽ ഫ്ലൈറ്റിനും 10 % ഡിപ്പാർച്ചർ ഫ്ലൈറ്റിനും).

ഇനിമുതൽ കൊച്ചി വഴിയോ, തിരുവനന്തപുരം യാത്ര ചെയ്യുന്നവർക്ക് മറ്റു രാജ്യങ്ങളിൽ നിന്നും ഷോപ്പ് ചെയ്തു ലഗേജിൽ സാധനങ്ങൾ പാക്ക് ചെയ്തു കൊണ്ട് പോകേണ്ട ആവിശ്യമില്ല, പകരം ഇവിടുത്തെ ഡ്യൂട്ടി ഫ്രീ ഷോപ്പിൽ നിന്നും ഷോപ്പ് ചെയ്യാവുന്നതാണ്. വിദേശത്തു ഡ്യൂട്ടി ഫ്രീയിൽ ലഭിക്കുന്ന എല്ലാ സാധനങ്ങളും ഇവിടെ ലഭ്യമാണ്. പോരാത്തതിന് ഈ ഡിസ്കൗണ്ട് കൾ കുടിയാകുമ്പോൾ പ്രവാസി യാത്രക്കാർക്ക് വളരെ ലാഭകരവുമാണ്.

ഫൊക്കാനയും ഈ എയർപോർട്ടുകളുമായി വളരെ നാളത്തെ ചർച്ചകളും മീറ്റിങ്ങുകൾക്കും ശേഷമാണ് ഇങ്ങനെ ഒരു കരാറിൽ എത്തപ്പെട്ടത്. ഫൊക്കാനയെ പ്രധിനിധികരിച്ചു ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ആണ് ഈ എയർപോർട്ട്കളുമായി ധാരണയിൽ ഏർപ്പെട്ടത്. ലോകത്തിലെ വേറെ ഒരു രാജ്യത്തും ഇങ്ങനെ ഒര് പ്രവാസി സംഘടനയും എയർപോർട്ടുകളുമായി സഹകരിച്ചു ഡിസ്കൗണ്ടുകൾ കൊടുക്കുന്നത് കേട്ടുകേഴ് വിപോലും ഇല്ലാത്ത കാര്യമാണ് ഫൊക്കാന ഇപ്പോൾ നടപ്പാക്കിയിരിക്കുന്നത്.


ഫൊക്കാന പുറത്തിറക്കുന്ന പ്രിവിലേജ് കാർഡ് ഉള്ളവർക്ക് മാത്രമായിക്കും ഈ ഡിസ്കൗണ്ടുകൾക്ക് അർഹതയുള്ളത്. ഫൊക്കാനയുടെ അംഗ സംഘടനകളുടെ മെംബേർസ് ആണ് ഈ കാർഡിന് അർഹർ. ഈ കാർഡുകൾ വ്യക്തികൾക്കാണ് വിതരണം ചെയ്യുന്നത് , അതുകൊണ്ടുതന്നെ ഒരു ഫാമിലിയിൽ മൂന്നുപേർ ഉണ്ടെങ്കിൽ മൂന്നുപേർക്കും പ്രേത്യേകം കാർഡുകൾ ആവിശ്യമാണ്. ഫൊക്കാനയിൽ മെബർഷിപ്പ് ഇല്ലാത്ത സംഘടനകൾ ഫൊക്കാനയിൽ പുതിയ മെബർഷിപ്പ് എടുത്തു ഈ ബെനിഫിറ്റിന് അർഹരാകാവുന്നതാണ്. നിങ്ങൾ ഒരു മലയാളീ അസോസിയേഷനിലും മെബർഷിപ്പ് ഇല്ല എങ്കിൽ ഫൊക്കാനയുമായി അഫിലേഷൻ ഉള്ള അംഗ സംഘടനകളിൽ അംഗമാകുന്നത് വഴി ഈ ബെനഫിറ്റിന് അർഹരാകാവുന്നതാണ്.

കൊച്ചി അന്താരാഷ്ട്ര എയർപോർട്ടും തിരുവനന്തപുരം എയർപോർട്ടും വ്യത്യസ്ത മാനേജ്മെന്റുകൾ ആണെങ്കിൽ കൂടി ഫൊക്കാന പ്രിവിലേജ് കാർഡ് ഒറ്റ കാർഡായി തന്നെ നടപ്പിലാക്കാൻ രണ്ട് മാനേജ്മെന്റുകളും ഫൊക്കാനക്ക് അനുവാദം നൽകിയിട്ടുണ്ട്. ഈ രണ്ട് എയർപോർട്ടുകളെയും ഫൊക്കാനയുടെ പ്രിവിലേജ് കാർഡിൽ ഉൾപെടുത്താൻ സാധിച്ചത് ഫൊക്കാനയുടെ അശ്രാന്ത പരിശ്രമം ഒന്നുകൊണ്ടു മാത്രമാണ്.

ഫൊക്കാനയുടെ ഈ ഭരണസമിതി അധികാരത്തിൽ വന്നപ്പോൾ മുതൽ ഫൊക്കാനക്കും അംഗ സംഘടനകൾക്കും പ്രയോജനപ്രതമായ നിരവധി പദ്ധതികൾ കമ്മിറ്റി നടപ്പിലാക്കി വരുന്നുണ്ട്. സമാനതകളില്ലാത്ത ഒരു സംഘടന പ്രവർത്തനവുമായാണ് ഇന്ന് ഈ സംഘടനാ മുന്നോട്ട് പോകുന്നത്. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ഈ പദ്ധതി നിലവിൽ വരുവാൻ വേണ്ടി അശ്രാന്ത പരിശ്രമം തന്നെ നടത്തി.

അടുത്ത ആഴ്ചതന്നെ ഫൊക്കാന പ്രിവിലേജ് കാർഡിനുള്ള റെജിസ്‌ട്രേഷൻ തുടങ്ങുന്നതാണ്, ഇലട്രോണിക് റെജിസ്‌ട്രേഷൻ ഫോം ഫൊക്കാന ഒഫീഷ്യൽസിൽ നിന്നോ അംഗ സംഘടനകളിൽ നിന്നോ ലഭിക്കുന്നതാണ്. ഫൊക്കാന പ്രിവിലേജ് കാർഡിനെ വിപുലീകരിച്ചു അമേരിക്കയിലുള്ള മറ്റ് മേജർ സ്ഥാപനങ്ങളിലെ ഡിസ്കൗണ്ടുകളും ഉൾപ്പെടുത്തി വിപുലീകരിക്കുന്നതാണ്.


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി




**കാതറിൻ ടെന്നിസൻ**

ന്യൂയോർക്ക്: തൃശ്ശൂർ പാണഞ്ചേരിയിൽ പരേതരായ ചാക്കുണ്ണി-ട്രീസ ദമ്പതികളുടെ മകളും, പരേതനായ ടെന്നിസൻ പയ്യൂരിന്റെ ഭാര്യയും റോക്ക്ലാന്റിൽ സ്ഥിരതാമസക്കാരിയുമായ കാതറിൻ ടെന്നിസൻ (87) ജൂൺ 11 ബുധനാഴ്ച റോക്ക്ലാന്റിൽ അന്തരിച്ചു.



**കൊച്ചുത്രേസ്യ**

മിസൂറി സിറ്റി: കൊച്ചുത്രേസ്യ (ലില്ലിക്കുട്ടി -70) അന്തരിച്ചു. ഭർത്താവ് സെബാസ്റ്റ്യൻ. മക്കൾ മഞ്ജു, മനു,റ്റോണി,റോണി, ജോൺ.



**ചാക്കോ ജേക്കബ്**

ഹൂസ്റ്റൺ: പത്തനംതിട്ട തോന്നിയാമല നിരന്നനിലത്തു ചാക്കോ ജേക്കബ് (സണ്ണി -80) ഹൂസ്റ്റനിൽ അന്തരിച്ചു. ഭാര്യ ദീനാമ്മ ജേക്കബ് മാന്നാർ കരുവേലിൽ പത്തിച്ചേരിൽ കുടുംബാംഗമാണ്. മക്കൾ : ഡോ. സിൻഡി ജേക്കബ്, സിനി ജോർജ്, സ്റ്റാൻലി ജേക്കബ് (മൂന്നുപേരും ഹൂസ്റ്റൺ).മരുമക്കൾ: റിച്ചാർഡ് ഫിലിപ്പ്, ജെയ്സൺ ജോർജ്. കൊച്ചുമക്കൾ : എലിസ ജോർജ്., എമ്മ ജോർജ്. എവിയ്ലിൻ ഫിലിപ്പ്.


**വി.ടി.സെബാസ്റ്റ്യൻ**

മുട്ടുചിറ:ഷാൻ ഗ്രില്ല (വെട്ടിയാഠ് കണ്ടത്തിൽ) വി.ടി.സെബാസ്റ്റ്യൻ (ആന്റോ 70) അന്തരിച്ചു. ഭാര്യ: മുട്ടുചിറ ചെറിയംകുന്നേൽ ഡോളി സെബാസ്റ്റ്യൻ. മക്കൾ: അതുല്യ ജിബിൻ, അമൂല്യ റെബിൻ (ഇരുവരും ഓസ്ട്രേലിയ).



**ഏലിയാമ്മ ജോർജ**

ന്യൂയോർക്ക്: തിരുവല്ല വളഞ്ഞവട്ടം ഇട്ടിയമ്പറമ്പിൽ പരേതനായ പി.കെ. ജോർജിന്റെ സഹധർമ്മിണി ഏലിയാമ്മ ജോർജ് (കുഞ്ഞമ്മ, 88) അന്തരിച്ചു. പരേതരായ റെയ്ച്ചൽ എസ്. തോമസ് (ടിപ്പിമോൾ), അന്നമ്മ ജോർജ് (ടിജിമോൾ) എന്നിവർ പുത്രിമാരും, സണ്ണി തോമസ് പാലത്തറ (ബോസ്റ്റൺ), ഡോ. അലക്സ് ആൻഡ്രൂസ് പുകടിയിൽ (കോട്ടയം) എന്നിവർ ജാമാതാക്കളുമാണ്. ആരൺ ആൻഡ്രൂസ് കൊച്ചുമകൻ. തിരുവല്ല വളഞ്ഞവട്ടം പിറക്കേരിൽ കുടുംബാംഗമാണ് പരേത. പരേതരായ ചാക്കോ ചാണ്ടി, അന്നമ്മ ചാണ്ടി എന്നിവർ മാതാപിതാക്കളും, പെണ്ണമ്മ, അച്ചൻകുഞ്ഞ് എന്നിവർ സഹോദരങ്ങളുമാണ്.കൽക്കട്ടയിൽ ഹോമിയോപ്പതി ഡോക്ടറായി ഔദ്യോഗിക ജീവിതം ആരംഭിച്ചു.




**വർക്കി എബ്രഹാം**

തൃശൂർ: റിട്ട അധ്യാപകൻ വർക്കി എബ്രഹാം (82) വടാനമല കൂരാച്ചുണ്ട് അന്തരിച്ചു. ഭാര്യ ത്രേസ്യാമ്മ (റിട്ട അധ്യാപിക) മക്കൾ: ഷാജി ജോർജ് (എൻജിനീയർ) സോയൂസ് ജോർജ് (കോഴിക്കോട്) ദീപ ജോർജ് (നഴ്സ്) ധന്യ ജോർജ് (അധ്യാപിക ഹോളി ഫാമിലി ഹൈസ്കൂൾ, പടത്തു കടവ്).മരുമക്കൾ: ദീപ ഷാജി, ജിതിൻ ജോസ് (സേക്രട് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ തിരുവമ്പാടി) ബ്ലിട്സ് പോൾ കുത്താട്ട് കുളം (യോങ്കേഴ്സ് മലയാളി അസോസിയേഷൻ പ്രസിഡന്റ്), രാജേഷ് കുര്യൻ, കൂട്ടുങ്കൽ കൂരാച്ചുണ്ട്.


**ബാബു ഫിലിപ്**

മടുക്കുമൂട്:ആലുംമൂട്ടിൽ ബാബു ഫിലിപ് (65) അന്തരിച്ചു. ഭാര്യ: സാലിമ്മ ബാബു പാലത്തിങ്കൽ. മക്കൾ: ബ്ലസി , ബെറ്റ്സി, ജീവൻ.



**കെ.കെ. ജോൺ**

സിയാറ്റിൽ/ഓമല്ലൂർ: ദീർഘകാലം അമേരിക്കയിൽ ജീവിച്ചിരുന്ന ഓമല്ലൂർ കുഴിനാപ്പുറത്ത് കെ.കെ. ജോൺ (തങ്കച്ചൻ -93) നാട്ടിൽ അന്തരിച്ചു. ഇന്ത്യൻ സൈന്യത്തിൽ ക്യാപ്ടനായിരുന്നു. പിന്നീട് ഗൾഫിൽ ജോലി ചെയ്യുകയും ബിസിനസ് രംഗത്ത് പ്രവർത്തിക്കുകയും ചെയ്തു. 1986 ൽ അമേരിക്കയിലെത്തി. റിട്ടയർ ചെയ്ത ശേഷം നാട്ടിലേക്കു മടങ്ങുകയായിരുന്നു. ഭാര്യ പൊന്നമ്മ ജോൺ കഴിഞ്ഞ ഡിസംബറിലാണ് അന്തരിച്ചത്ഫോമാ നേതാക്കളായ കുസുമം ടൈറ്റസ്, പോൾ ജോൺ (റോഷൻ) എന്നിവരുടെ പിതാവാണ്. മറ്റു മക്കൾ: പരേതനായ ഫ്രാൻസിസ് ജോൺ ,ടോംസ് ജോൺ (യു.എസ്)മരുമക്കൾ: മുൻ ഫോമാ പ്രസിഡന്റ്റും വ്യവസായി യുമായ ജോൺ ടൈറ്റസ്, ശാന്തി ജോൺ,റോസ്ലിൻ ജോൺ..



**റവ. ഫാ. എ കെ. ചെറിയാൻ**

നൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭ സീനിയർ വൈദികൻ റവ. ഫാ. എ കെ. ചെറിയാൻ, 92, (അമേരിക്കൻ നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിലെ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് സ്ഥാപക വികാരി, ന്യൂയോർക്ക്) ന്യൂയോർക്കിൽ അന്തരിച്ചു.ഭാര്യ: മോളി ചെറിയാൻ കാർത്തികപ്പള്ളി ഉപ്പേരിൽമീനത്തേൽ കുടുംബാംഗമാണ്. മക്കൾ പരേതനായ ഡോ. കോശി ചെറിയാൻ, റവ. ഫാ. പോൾ ചെറിയാൻ, ഡോ. ഷീബാ ജോർജ്ജ്, ഡോ. ശോഭ ജോസ്.മരുമക്കൾ: ഡോ. രേഖ ചെറിയാൻ, ഡോ. മാത്യു ജോർജ്ജ്, ഷാലു ചെറിയാൻ, ഡോ. നെവിൻ ജോസ്.ആരാധനാ ഗാനരചയിതാവും മികച്ച വാഗ്മിയുമായിരുന്നു.



**ബേബി കൊച്ചുകുഞ്ഞ്**

ന്യൂയോർക്/കുന്നംകുളം :പരേതനായ ചെറുവത്തൂർ കൊച്ചുകുഞ്ഞിന്റെഭാര്യ ബേബി കൊച്ചുകുഞ്ഞ് കുന്നംകുളത്ത് അന്തരിച്ചു.78 വയസ്സായിരുന്നു.ന്യൂയോർക്ക് സെൻറ് ജോൺസ് മാർത്തോമ ഇടവക വികാരി റവ ബിജു പി സൈമന്റെ മാതൃ സഹോദരിയാണ് പരേത.സ്റ്റാൻലി,ഷീജ,കട്ടിലപൂവം സഭാ ശുശ്രൂഷകൻ സജു പാസ്റ്റർ,ഷീന എന്നിവർ മക്കളാണ്.

**എം.എൽ.ജോയി**

നീറിക്കാട്:മാലിത്തുരുത്തേൽ എം.എൽ.ജോയി (85) അന്തരിച്ചു. ഭാര്യ: ഒളശ്ശ കരിമ്പിൽ പരേതയായ അന്നമ്മ. മക്കൾ: പരേതനായ ലൂക്കോസ് ജോയി, ബീന, മിനി. മരുമക്കൾ: ജെസി, ജോൺസൺ ഫിലിപ് ഏബ്രഹാം



**അച്ചാമ്മ സ്കറിയ**

ഫിലാഡൽഫിയ: റാന്നി ചെത്തോങ്കര പന്നിവേലിക്കാലായിൽ സ്കറിയ തോമസിന്റെ (കുഞ്ഞുമോൻ) ഭാര്യ അച്ചാമ്മ സ്കറിയ ( ജലജ - 73 വയസ്സ് ) അന്തരിച്ചു, പരേത മുണ്ടിയപ്പള്ളി പാറയിൽ കുടുംബാംഗമാണ്. മക്കൾ :ഷീന (ഫിലാഡൽഫിയ), ജെഷ്‌ലി (സാൻ ജോസ് ,കാലിഫോർണിയ). മരുമക്കൾ ടോംസൺ (ഫിലാഡൽഫിയ, റെനിൻ (സാൻ ജോസ്, കാലിഫോർണിയ). കൊച്ചുമക്കൾ: ടെസ്സാ, ജോഷ്,സൈറ.സഹോദരങ്ങൾ: വത്സമ്മ, കുഞ്ഞുമോൾ, സിസിലി, രാജി. (ജോർജിയ),ലളിത,സാലി (ഷിക്കാഗോ).

**ബുദ്ധദാസ്**

പാറമ്പുഴ:ബുദ്ധദാസ് (56) അന്തരിച്ചു. ഭാര്യ: മഞ്ജുള. മക്കൾ: ചന്ദ്രദാസ്, കണ്ണൻദാസ്, യോഗദാസ്.



**ജോൺ മത്തായി**

ഫിലാഡൽഫിയ: കോട്ടയം എസ്. എച്ച്. മൗണ്ട് പുല്ലുകാട്ട് ജോൺ മത്തായി, 79, ഫിലാഡൽഫിയയിൽ അന്തരിച്ചു. ഭാര്യ മോളി പാലപ്പുര (ബാംഗ്ളൂർ) കുടുംബാംഗം. മക്കൾ: അനു, മാത്തൻ, സുജാത. 5 കൊച്ചുമക്കളുണ്ട്. ഫിലഡൽഫിയയിലുള്ള അലക്സ് മാത്യു, പരേതനായ ജോസ് മാത്യു, ഓമന (നോർത്ത് ഡക്കോട്ട) തങ്കമ്മ (ഫിലാഡൽഫിയ) എന്നിവർ സഹോദരരാണ്.

**ദേവകിയമ്മ**

പള്ളിക്കത്തോട്:വടക്കേമുറിയിൽ (നടക്കൽ) പരമേശ്വരൻ നായരുടെ ഭാര്യ ദേവകിയമ്മ (85) അന്തരിച്ചു. പങ്ങട മൂത്തേടത്ത് കുടുംബാംഗമാണ്. മക്കൾ: ഗോപാലകൃഷ്ണൻ നായർ, മുരളീധരൻ നായർ, വിജയകുമാർ, രാമചന്ദ്രൻ നായർ.



**മറിയാമ്മ പാപ്പച്ചൻ**

കൊല്ലം, തഴവ പ്ലാവിലക്കിഴക്കേതിൽ മറിയാമ്മ പാപ്പച്ചൻ (80) ന്യൂയോർക്കിൽ അന്തരിച്ചു. കൈപ്പട്ടൂർ കുന്നത്തേത്ത് പരേതനായ കെ .ജി പാപ്പച്ചന്റെ സഹധർമ്മിണിയായിരുന്നു. ഡെയ്സി ജേക്കബ്, ബെൻസി സുകേഷ് എന്നിവർ മക്കളും, ജേക്കബ് വർഗീസ് (പ്രകാശ്), സുകേഷ് ജോസഫ് എന്നിവർ മരുമക്കളുമാണ്.

**കെ.ടി.മൈക്കിൾ**

കയ്യൂർ:കോനൂർ കെ. ടി.മൈക്കിൾ (അപ്പച്ചൻ-86) അന്തരിച്ചു. . ഭാര്യ: കാവുംകണ്ടം ഞള്ളായിൽ പരേതയായ മേരി. മക്കൾ: കെ.എം. തോമസ്, റെജീന, സിസ്റ്റർ ജ്യോതി മരിയ (പാലാ). മരുമക്കൾ: ആൻസി തോമസ് കോലോത്ത് പെരിങ്ങുളം, റെജിമോൻ പൂത്തൂർ ചേന്നാട്.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News